# ബൈബിൾ ഞായർ 2010

*"ആഴം ആഴത്തെ വിളിക്കുന്നു"*

*(സങ്കീ 42:7)*

**കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുക്രിസ്തുവിൽ പ്രിയരേ,

വരുന്ന ഞായറാഴ്ച (ജൂൺ 20) കേരള സഭ ബൈബിൾ ഞായറായി ആഘോഷിക്കുകയാണ്. അതിനുള്ള ഒരുക്കമായി ബൈബിൾവാരം ഇന്ന് നാം ആരംഭിക്കുന്നു. നിങ്ങൾക്കേവർക്കും ഈ ആഴ്ച അനുഗ്രഹം നിറഞ്ഞതായിരിക്കട്ടെ എന്നാശംസിക്കുന്നു.

ക്രൈസ്തവർക്കിടയിൽ ഏറെ പ്രചാരമുള്ള പദമാണ് 'വചനം' എന്നത്. ബൈബിളിനെയും ബൈബിൾ സംബന്ധിയായ പ്രഘോഷണങ്ങളെയുമെല്ലാം 'വചനം' എന്നാണല്ലോ നാം വിളിക്കുന്നത്. ഗ്രീക്കുഭാഷയിൽ സുവിശേഷകന്മാർ 'ലോഗോസ്' എന്ന പദമാണ് അതിനായി ഉപയോഗിച്ചിരിക്കുന്നത്. ഈ പദത്തിനു സമാനമായ ഒരു വാക്ക് നമുക്കറിയാം – 'ഡയലോഗ്'. 'ദിയ' എന്ന വിഭക്തിപ്രത്യയം 'ലോഗോസി'നോട് ചേർന്ന് ഗ്രീക്കിൽ രൂപം കൊണ്ടിട്ടുള്ള ദിയലോഗോസ് എന്ന പദത്തിൽനിന്നാണ് 'ഡയലോഗ്' എന്ന ആംഗലേയപദത്തിന്റെ ഉദ്ഭവം. മാധ്യമങ്ങളിൽ നിറയുന്ന ചർച്ചകളും സംവാദങ്ങളും താത്പര്യത്തോടെ വീക്ഷിക്കുന്നവരാണ് നാം. രാഷ്ട്രങ്ങൾ തമ്മിൽ ഡയലോഗ് നടക്കാൻ പലതരം വേദികൾ ഇന്നുണ്ട്. കുടുംബത്തിൽ ഡയലോഗിന്റെ പ്രസക്തിയെക്കുറിച്ചു നാം കൂടുതൽ കൂടുതൽ ബോധവാന്മാരായിവരികയാണ്. പരസ്പരധാരണയും സമ്യക്കായ വീക്ഷണവും രൂപപ്പെടുത്താൻ ഡയലോഗ് സഹായിക്കുന്നു. മാനുഷികബന്ധങ്ങളിലെ ഡയലോഗിന്റെ പ്രസക്തി ഏവർക്കും അറിയാം. എന്നാൽ ദൈവ–മനുഷ്യബന്ധത്തിലെ ഡയലോഗിനെക്കുറിച്ച് നാം അത്ര ബോധവാന്മാരല്ലതന്നെ. യഥാർത്ഥത്തിൽ, 'വചനത്തിലൂടെ' ('ദിയ–ലോഗോസ്') സംഭവിക്കുന്നത് സംവാദമാണ്. പാരസ്പര്യത്തിന്റെ അതിശ്രേഷ്ഠഭാവങ്ങൾ വചനത്തിൽ അടങ്ങിയിരിക്കുന്നു.

സൃഷ്ടിപോലും വചനത്തിലൂടെയാണു സംഭവിച്ചത് എന്ന് ഉൽപത്തി ഗ്രന്ഥകാരൻ സമർത്ഥിക്കുമ്പോൾ വചനത്തിന്റെ സർഗാത്മകസംവേദനക്ഷമതയാണ് വെളിപ്പെടുന്നത്. വചനത്തിലൂടെ സൃഷ്ടിക്കപ്പെട്ട ആകാശം ദൈവമഹത്ത്വം പ്രഘോഷിക്കുന്നു എന്ന് 19–ാം സങ്കീർത്തനം സ്ഥാപിക്കുമ്പോൾ

വചനത്തിന്റെ ഈ സംവേദനക്ഷമതയ്ക്ക് പകർച്ചയുടെ സ്വഭാവം കൂടിയുണ്ട് എന്നു വരുന്നു. ഡയലോഗിലൂടെ ലോഗോസ് സൃഷ്ടപ്രപഞ്ചത്തെ ശക്തീകരിക്കുന്നു - തുടർ ഡയലോഗ് ഏറ്റെടുക്കാൻ. വേറൊരു വിധത്തിൽ പറഞ്ഞാൽ, സൃഷ്ടികളിലൂടെ ലോഗോസ് തന്റെ ഡയലോഗ് തുടരുന്നു. ഈയർത്ഥമാണ് ഈ വർഷത്തെ ബൈബിൾ ഞായറിന്റെ വിചിന്തന വചനമായ സങ്കീ. 42:7 പ്രകാശിപ്പിക്കുന്നത്: "അങ്ങയുടെ വെള്ളച്ചാട്ടങ്ങളുടെ ഇരമ്പലുകൾകൊണ്ട് ആഴം ആഴത്തെ വിളിക്കുന്നു". "നീർച്ചാലുതേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു" എന്നാലപിച്ചുകൊണ്ട് ആരംഭിക്കുന്ന സങ്കീർത്തകൻ പ്രപഞ്ചത്തിലൂടെ തന്നെ വിളിക്കുന്ന ദൈവത്തെ തിരിച്ചറിഞ്ഞു പാടുന്നതാണ് പ്രസ്തുതവാക്യം. ഡയലോഗു നടക്കുന്നത് ആഴവും ആഴവും തമ്മിലാണത്രേ. എന്താണ് ഈ ആദ്യത്തെ ആഴം? അത് ദൈവം തന്നെയായിരിക്കണം. രണ്ടാമത്തെ ആഴമോ, മനുഷ്യനും. ആഴം തന്നെയായ ദൈവം ആഴം തന്നെയായ മനുഷ്യനെ പ്രപഞ്ചത്തിലൂടെ ആഴബോധ്യത്തിലേക്ക് ക്ഷണിക്കുന്നു എന്നു ചുരുക്കം. ഉപരിപ്ലവതകൾ വെടിഞ്ഞ് സ്വന്തം ആഴം തിരിച്ചറിഞ്ഞ് സത്താസാക്ഷാത്കാരം നേടാനുള്ള ക്ഷണമാണത്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ദൈവത്തെ വിശേഷിപ്പിക്കാനുപയോഗിച്ച "ആഴം" (ത്ഹോം) എന്ന അതേ പദം കൊണ്ട് സങ്കീർത്തകൻ വിശേഷിപ്പിക്കുന്നത് തികച്ചും യുക്തിഭദ്രമാണല്ലോ.

പ്രപഞ്ചം ഡയലോഗിന്റെ മാധ്യമമായി മാറിയത് ദൈവവചനത്തിന്റെ സൃഷ്ടിപരതകൊണ്ടു മാത്രമല്ല, പ്രബോധനപരതകൊണ്ടുകൂടിയാണ്. ദൈവവചനത്തെ "തോറ" എന്ന് പഴയനിയമം വിശേഷിപ്പിക്കുന്നു. "നിയമം" എന്നാണ് പൊതുവേ അതിനെ പരിഭാഷപ്പെടുത്താറ്. എന്നാൽ ഈ പരിഭാഷ അത്ര കൃത്യമല്ല. 'പ്രബോധനം' അഥവാ 'പഠിപ്പിക്കൽ' ആണ് 'തോറ'. ദൈവമാകുന്ന ഗുരുവിനു കീഴിൽ ശിഷ്യപ്പെട്ടിരിക്കുകയാണത്രേ പ്രപഞ്ചം. അതിനാലാണ് പ്രപഞ്ചം എല്ലാം കൃത്യമായും ക്രമമായും ചെയ്യുന്നത്. 19 -ാം സങ്കീർത്തനത്തിന്റെ ആദ്യഭാഗം - അതായത് 1 മുതൽ 6 വരെ വാക്യങ്ങൾ - ഈ സത്യമാണു വിളിച്ചോതുന്നത്. 7 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ തോറയെ പേർത്തും പേർത്തും കീർത്തിച്ചശേഷം 11 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ സങ്കീർത്തകൻ ഒരു ആത്മപരിശോധന നടത്തുകയാണ്: പ്രപഞ്ചം ദൈവഗുരുവിന്റെ പ്രബോധനത്തോട് കൃത്യമായും സർഗ്ഗാത്മകമായും പ്രതികരിക്കുന്നുണ്ട്. എന്നാൽ മനുഷ്യനായ താൻ ഇക്കാര്യത്തിൽ അറിഞ്ഞും അറിയാതെയും പലപ്പോഴും പരാജയപ്പെടുന്നു. ആഴം ആഴത്തെ വിളിക്കുമ്പോഴും മനുഷ്യൻ ഉപരിപ്ലവതകളിൽ കുടുങ്ങി ലോഗോസിനോട് ഡയലോഗ് ചെയ്യാൻ കെല്പില്ലാത്തവനായി മാറുന്നു.

മോശയിലൂടെയും പ്രവാചകരിലൂടെയും വചനം മനുഷ്യനു മുന്നിലുയർത്തിയ വെല്ലുവിളി യഥാർത്ഥത്തിൽ മനുഷ്യന് തന്റെ ആഴങ്ങളിലേക്കുള്ള ദൈവത്തിന്റെ ക്ഷണക്കത്തായിരുന്നു. പക്ഷേ, പലപ്പോഴും വചനവാഹകൻ തിരസ്കരിക്കപ്പെട്ടു, അവഹേളിക്കപ്പെട്ടു. ആമോസ് പ്രവാചകൻ ബഥേലിൽ പ്രവചിക്കുന്നതിൽനിന്ന് വിലക്കപ്പെട്ടു (ആമോസ് 7:12-13). "നിങ്ങളുടെ വലിയ അപരാധവും വിദ്വേഷവും നിമിത്തം പ്രവാചകൻ നിങ്ങൾക്കു വിഡ്ഢിയായി; ആത്മാവാൽ പ്രചോദിതനായവൻ ഭ്രാന്തനായി"എന്ന് ഹോസിയാ പ്രവാചകൻ വിലപിച്ചു (ഹോസി 9:7). ജറെമിയാ പ്രവാചകനാകട്ടെ, കിണറ്റിലേക്കെറിയപ്പെട്ടു (ജറെ 38:6). ഡയലോഗിനായുള്ള ദൈവവചനത്തിന്റെ ക്ഷണത്തോടുള്ള മറുതലിപ്പാണ് ഈ സംഭവങ്ങളിലെല്ലാം തെളിയുന്നത്. ഉപരിപ്ലവതയിൽ ക്ഷണികതയും വികാരവിജൃംഭണങ്ങളും ബഹളങ്ങളും നിഷേധങ്ങളുമേയുള്ളൂ; ശാന്തതയില്ല, ആലോചനയില്ല, പദ്ധതിയിടലുമില്ല. പ്രവാചകവചനങ്ങളിൽ സ്വന്തം ആഴങ്ങൾ തിരിച്ചറിഞ്ഞ മനുഷ്യരാകട്ടെ, അദ്ഭുതകരമായ ആഴങ്ങൾ സ്വന്തമാക്കി. ഹെസക്കിയാ രാജാവും ജോസിയാ രാജാവും നിനവേ നിവാസികളും സ്നാപകനിൽനിന്ന് മാമ്മോദീസ സ്വീകരിച്ചവരും എല്ലാം പ്രവാചകരിലൂടെ തങ്ങളുടെ ആഴത്തെ വിളിക്കുന്ന ദൈവത്തിന്റെ ആഴം തിരിച്ചറിഞ്ഞവരാണ്.

ആഴം ആഴത്തെ വിളിക്കുന്നതിന്റെ ഏറ്റവും ശ്രേഷ്ഠമായ ദൃശ്യം നാം കാണുന്നത് കർത്താവായ യേശുക്രിസ്തുവിലാണ്. ആദിയിൽ വചനമായിരുന്ന ദൈവം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു. നമ്മുടെ ഇടയിലെ ലോഗോസിന്റെ വാസം ഡയലോഗിനു നമ്മെ പ്രാപ്തരാക്കാൻവേണ്ടിത്തന്നെയായിരുന്നു. "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി" (യോഹ.1:12). നഷ്ടപ്പെട്ടുപോയ ആഴം മനുഷ്യന് തിരികെ കിട്ടിയത് വചനം മാംസം ധരിച്ചവനായ യേശുക്രിസ്തുവിലാണ്. ദൈവത്തിന്റെ പ്രബോധനം അതിന്റെ തികവിലും നിറവിലുമെത്തിയത് കർത്താവായ യേശുക്രിസ്തുവിലാണ്. നിയമത്തെയും പ്രവാചകന്മാരെയും പൂർത്തിയാക്കാനെത്തിയവനാണ് ക്രിസ്തു (മത്താ 5:17). അതിനാൽ അവിടന്ന് മലയിലെ പ്രസംഗത്തിൽ ആറുപ്രാവശ്യം ആവർത്തിച്ചു പറഞ്ഞു: "ഇങ്ങനെ പറയപ്പെട്ടത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ...എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" (മത്താ 5:21-22; 27-18; 31-32; 33-34; 38-39; 43-44). യേശുക്രിസ്തുവിലാണ് മനുഷ്യനു പ്രായപൂർത്തിയായത്. നൈയാമികനീതിയെ അതിശയിക്കുന്ന ദൈവികനീതിയിലേക്കുള്ള ക്ഷണം ക്രിസ്തുവിലാണ് മനുഷ്യനു വ്യക്തമായി ലഭിച്ചത് (മത്താ. 5:20). "ക്രിസ്തുവിന്റെ പരിപൂർണതയുടെ അളവനുസരിച്ചു പക്വതയാർന്ന മനുഷ്യരായി" (എഫേ.4:13) ത്തീരുമ്പോഴാണ് ദൈവത്തിന്റെ വിളിയും മനുഷ്യന്റെ

പ്രതികരണവും സമ്പൂർണ്ണ സാക്ഷാത്കാരം നേടുന്നത്.

ഇന്ന് ആഴത്തിന്റെ വിളി നാം കേൾക്കുന്നത് വിശുദ്ധഗ്രന്ഥത്തിലൂടെയും വിശുദ്ധപാരമ്പര്യത്തിലൂടെയുമാണ്. കേരളസഭ ബൈബിൾ മേഖലയിൽ ഏറെ പുരോഗമിച്ചിട്ടുണ്ട്. P.O.C ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും ഇന്ന് നമുക്കു ലഭ്യമാണ് (www.keralabiblesociety.com; www.pocbible.com). നാലരലക്ഷത്തോളംപേർ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽതന്നെ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. ലോഗോസ് ക്വിസിനെ ഹൃദയത്തിലേറ്റുവാങ്ങി ഗിന്നസ് ബുക്കിന്റെ പടിവാതില്ക്കലെത്തിച്ച നിങ്ങൾക്കോരുരുത്തർക്കും എന്റെ ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ. K.C.B.C. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ചിട്ടുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ആയിരങ്ങൾ പങ്കെടുക്കുന്നുണ്ടെങ്കിലും വീട്ടിലിരുന്ന് ബൈബിൾ പഠിക്കാൻ അനേകായിരങ്ങൾ ഇനിയും പേരു രജിസ്റ്റർ ചെയ്യേണ്ടിയിരിക്കുന്നു. എല്ലാ ബുധനാഴ്ചയും പാലാരിവട്ടം P.O.C. യിൽ നടത്തപ്പെടുന്ന സായാഹ്നബൈബിൾ ക്ലാസ്സിൽ നൂറുകണക്കിനുപേർ പങ്കെടുക്കുന്നുണ്ട്. ഹീബ്രു, ഗ്രീക്ക് എന്നീ ബൈബിൾ ഭാഷകൾ പഠിക്കാനുള്ള അവസരവും ഈ ക്ലാസ്സിനോടുകൂടെ ഒരുക്കിയിട്ടുണ്ട്. സമാനമായ ബൈബിൾക്ലാസ്സുകൾ കേരളത്തിലെ വ്യത്യസ്തസ്ഥലങ്ങളിൽ നടക്കുന്നുണ്ട്. ഇനിയും ഏറെപ്പേർ അവയിൽ പങ്കെടുത്ത് വചനം പഠിക്കാൻ മുന്നോട്ടുവരേണ്ടതായുണ്ട്. വിശുദ്ധഗ്രന്ഥത്തിൽ ആഴമായ ജ്ഞാനം നേടിയ ബൈബിൾപണ്ഡിതന്മാരുടെ നിറഞ്ഞ സാന്നിധ്യത്താൽ അനുഗൃഹീതയാണ് കേരളസഭ. ബൈബിൾവിജ്ഞാനീയത്തിൽ ഓരോ വർഷവും മലയാളത്തിൽ പ്രസിദ്ധീകൃതമാകുന്ന ഗ്രന്ഥങ്ങളുടെ കണക്കെടുത്താൽത്തന്നെ ഈ യാഥാർത്ഥ്യം ബോധ്യമാവുന്നതാണ്. ഇവരുടെ കൂട്ടായ യത്നങ്ങൾ തീർച്ചയായും നമുക്ക് വലിയ മുതല്ക്കൂട്ടായിരിക്കും. അവരെ പ്രാർത്ഥനകൾകൊണ്ടും ഗ്രന്ഥങ്ങൾ വാങ്ങിച്ചുകൊണ്ടും പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ഒപ്പം, മാധ്യമമേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാരെയും കലാകാരികളെയും നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. ദൈവവചനം ആകർഷകമായ രീതിയിൽ സമൂഹത്തിലെത്തിക്കാൻ കൂടുതൽ ആഴമേറിയ ചിന്തകളും നടപടികളും അവരിൽ നിന്നുണ്ടാകട്ടെ. കേരളസഭയുടെ ബൈബിൾ പ്രേഷിതത്വത്തിൽ നേരിട്ടു പങ്കെടുക്കാൻ വ്യക്തിപരമായും കൂട്ടായും ഏവർക്കും കഴിയും. ഇതിനുള്ള ആദ്യപടി കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങളാകുക എന്നതാണ്. ഇന്നുമുതൽ ജൂലൈ 13-ാം തീയതി വരെ നാം തീവ്രഅംഗത്വശേഖരണ ദിനങ്ങളായി ആചരിക്കുകയാണ്. 500 രൂപ മുതൽ മുകളി

ലേക്കുള്ള തുക അടച്ച് ആജീവനാന്തഅംഗത്വം നേടുന്നവർക്ക് കേരളസഭ യിലെ ബൈബിൾ പ്രേഷിതത്വത്തിന്റെ ഓരോ ചുവടുവയ്പിലും ജനറൽ ബോഡിയംഗം എന്ന നിലയിലും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് എക്സി ക്യൂട്ടീവ് കമ്മിറ്റിയംഗം, മാനേജിങ്ങ് കൗൺസിൽ അംഗം എന്നീ നിലകളിലും നിർദ്ദേശങ്ങൾ വഴിയും സഹകരണംവഴിയും പ്രചാരണം വഴിയും ഭാഗഭാ ക്കുകളാകാൻ കഴിയും. സൊസൈറ്റിഅംഗങ്ങളെല്ലാവരും ഈ വരുന്ന ജൂലൈ 17-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാരിവട്ടം P.O.C. യിൽ വച്ചുചേരുന്ന വാർഷികപൊതുയോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഈ വർഷം നാം ബൈബിൾ ഞായർ കൊണ്ടാടുമ്പോൾ ബൈബിൾ മേഖലയിൽ ആഴം ആഴത്തെ വിളിക്കുന്നു എന്ന വലിയ യാഥാർത്ഥ്യം നമുക്ക് ഉൾക്കൊള്ളാം. ബൈബിൾ ഞായറിനോടനുബന്ധിച്ച് ബൈബിൾ ശുശ്രൂഷ, പ്രഭാഷണങ്ങൾ, റാലി, ക്ലാസ്സുകൾ, കലാസാഹിത്യമത്സരങ്ങൾ, പ്രദർശനങ്ങൾ, വീടുകളിൽ ബൈബിൾ പ്രതിഷ്ഠകൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റിനും വേണ്ടി ബൈബിൾ ഞായറാഴ്ച ഓരോ ഇടവകയിലും നടത്തുന്ന പിരിവ് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതതു രൂപതകളിലെ ബൈബിൾഅ പ്പോസ്തലേറ്റ് ഡയറക്ടർമാരോട് കൂടുതൽ സഹകരിച്ച് ബൈബിൾ പ്രേഷി തത്വം കൂടുതൽ ഊർജ്ജസ്വലമാക്കാൻ ഏവരും തയ്യാറാകണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ആഴം ആഴത്തെ വിളിക്കുന്നു. ബൈബിൾ പ്രേഷിതത്വത്തിൽ ആഴപ്പെടാൻ വചനം തന്നെയായ ദൈവം നമ്മെ ഏവ രെയും അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

പി.ഒ.സി., കൊച്ചി
17.04.2010

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

---

N.B. ഈ സർക്കുലറിലെ അത്യാവശ്യകാര്യങ്ങൾ ജൂൺ 6-ാം തിയ്യതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ ജനങ്ങളെ അറിയിക്കേണ്ടതും ജൂൺ 13-ാം തിയ്യതി ബൈബിൾ ഞായർ സമുചിതമായി ആഘോഷിക്കേണ്ടതുമാണ്.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതാ മെത്രാൻ

# യുവജനദിനം - 2010

## കെ.സി.ബി.സി. യുവജന കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*"യുവജനങ്ങളേ, ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു. എന്തെന്നാൽ നിങ്ങൾ ശക്തന്മാരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു; നിങ്ങൾ ദുഷ്ടനെ ജയിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ.1:14).*

വാത്സല്യമുള്ള സഹോദരങ്ങളേ,

നിത്യയുവാവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും യുവജനദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. ജൂലൈ 4 -നാണ് കേരളസഭ ഈ വർഷം യുവജനദിനമായി ആചരിക്കുന്നത്. നമുക്കും അവനോടൊപ്പം പോയി രക്തസാക്ഷിത്വം വരിക്കാം എന്ന് ഉദ്ഘോഷിച്ച ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിനുശേഷം വരുന്ന ഞായറാഴ്ചയാണ് കേരളസഭ യുവജനദിനമായി ആചരിച്ചു വരുന്നത്. വളരെ പ്രതീക്ഷയോടും താൽപര്യത്തോടും സ്നേഹത്തോടുംകൂടെ യുവജനങ്ങളെ നോക്കികാണുന്നതുകൊണ്ട് യുവജനശുശ്രൂഷയ്ക്ക് വലിയ പ്രാധാന്യം തിരുസ്സഭ നല്കുന്നു. ഈ അവസരത്തിൽ ധ്യാനാത്മകമായി പരിചിന്തനം ചെയ്യുവാനും ഫലവത്തായി പ്രവൃത്തിപഥത്തിലെത്തിക്കുവാനുമായി വളരെ പ്രധാനപ്പെട്ട ചില ആശയങ്ങൾ ഞാൻ നിങ്ങളോട് പങ്കുവയ്ക്കുകയാണ്.

ഈ വർഷത്തെ യുവജനദിനാഘോഷവേളയിൽ രണ്ടു പ്രത്യേക കാര്യങ്ങൾ ശ്രദ്ധേയമാണ്. ഒന്ന്, ലോകയുവജനദിനാചരണത്തിന്റെ രജതജൂബിലി വർഷമാണിത്. 1986-ലാണ് ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ലോക യുവജനദിനാചരണത്തിനു തുടക്കം കുറിച്ചത്. ലോകയുവജനദിനം ഓശാന ഞായറാഴ്ചയാണ് ആചരിച്ചുവരുന്നത്. കൂടാതെ മൂന്ന് വർഷത്തിലൊരിക്കൽ ഇത് അന്താരാഷ്ട്രതലത്തിൽ വിവിധ പരിപാടികളോടെ സാഘോഷം നടത്തിവരുന്നുമുണ്ട്. അന്തർദ്ദേശീയ സമ്മേളനങ്ങളിൽ എല്ലായിടത്തും മാർപാപ്പ പങ്കെടുക്കാറുണ്ട്. സ്പെയിനിലെ മാഡ്രിഡിൽവച്ച് 2011 ആഗസ്റ്റ് മാസത്തിലാണ് അടുത്ത ലോകയുവജനദിന സമ്മേളനം നടക്കുന്നത്.

ഇരുപത്തഞ്ചാം ലോകയുവജന ദിനത്തോടനുബന്ധിച്ച് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പ്രത്യേക സന്ദേശം പുറത്തിറക്കിയിട്ടുണ്ട്. ഇരു

പത്തഞ്ചു വർഷങ്ങൾക്കു മുമ്പ് അന്താരാഷ്ട്ര യുവജനവർഷത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ യുവജനങ്ങൾക്കായി എഴുതിയ അപ്പസ്തോലിക ലേഖനത്തിലെ അടിസ്ഥാന ചിന്തകളാണ് ഈ വർഷത്തെ സന്ദേശത്തിലും ഉള്ളത്. വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിലെ ഗുരോ നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം? എന്ന ചോദ്യത്തെ ആസ്പദമാക്കിയായിരുന്നു അദ്ദേഹം അപ്പസ്തോലിക ലേഖനം തയ്യാറാക്കിയത്. ഇതിന്റെ ചുവടുപിടിച്ച്, യേശുവും യുവജനങ്ങളും തമ്മിലുള്ള ബന്ധം, തിരുസഭയിൽ യുവജനങ്ങൾ വഹിക്കേണ്ട പങ്കാളിത്തം, പ്രാർത്ഥനാജീവിതം തുടങ്ങിയ കാര്യങ്ങൾ വിശദീകരിച്ച ശേഷം യുവജനങ്ങളുടെ സാമൂഹിക രാഷ്ട്രീയ പ്രേഷിതത്വത്തിന് ശക്തമായ ആഹ്വാനമാണ് ഈ വർഷത്തെ ലോകയുവജന സന്ദേശത്തിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നല്കുന്നത്. ഈ സന്ദേശത്തിന്റെ ഏറ്റവും മർമ്മപ്രധാനമായ ഭാഗം ശ്രദ്ധിക്കുക: സമഗ്രമായ മാനുഷിക വികസനത്തെക്കുറിച്ച് ഞാൻ എഴുതിയ സത്യത്തിൽ സ്നേഹം എന്ന ചാക്രിക ലേഖനത്തിൽ ഈ കാലഘട്ടത്തിലെ പ്രധാന വെല്ലുവിളികളുടെ പട്ടിക കൊടുത്തിട്ടുണ്ട്. അവ ഈ ലോകത്തിലെ ജീവിതത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരവും അടിയന്തിര സ്വഭാവമുള്ളതുമാണ്. ഭൗതികവിഭവങ്ങളുടെ ഉപയോഗം, പരിസ്ഥിതിയോടുള്ള ആദരം, വസ്തുക്കളുടെ നീതിപൂർവ്വകമായ വിതരണം, സാമ്പത്തിക സംവിധാനങ്ങളുടെ നിയന്ത്രണം, മനുഷ്യകുടുംബത്തിലെ ദരിദ്രരാഷ്ട്രങ്ങളോടുള്ള ഐക്യദാർഢ്യം, ലോകത്തിൽ വിശപ്പിനെതിരേയുള്ള സമരം, മാനുഷിക തൊഴിലിന്റെ മഹത്വം വളർത്തൽ, ജീവസംസ്കാരത്തിനുള്ള സേവനം, ജനങ്ങൾ തമ്മിൽ സമാധാനം സ്ഥാപിക്കൽ, മതാന്തരസംവാദം, സാമൂഹികസമ്പർക്കമാദ്ധ്യമങ്ങളുടെ ശരിയായ വിനിയോഗം എന്നിവയാണവ. കൂടുതൽ നീതിയും സാഹോദര്യവും നിറഞ്ഞ ലോകം നിർമ്മിക്കുവാൻ നിങ്ങൾ പ്രത്യുത്തരം നല്കേണ്ട വെല്ലുവിളികളാണവ. ത്യാഗനിർഭരവും ആവേശകരവുമായ ജീവിത പദ്ധതി ക്രോഡീകരിക്കുവാനുള്ള വെല്ലുവിളികളാണവ. ആ പദ്ധതിയിൽ ദൈവം നിങ്ങൾക്കായി നിക്ഷേപിച്ചിട്ടുള്ള സമ്പന്നത നിങ്ങൾ നിക്ഷേപിക്കണം. സാഹസികമോ അസാധാരണമോ ആയ പ്രവർത്തനങ്ങളുടെ പ്രശ്നമല്ലിത്. കഴിവുകളും സാധ്യതകളും വിനിയോഗിച്ചുകൊണ്ട്, വിശ്വാസത്തിലും സ്നേഹത്തിലും മുന്നേറാൻ സ്വയം സമർപ്പിച്ചുകൊണ്ട്, പ്രവർത്തിക്കുക എന്ന പ്രശ്നമാണിത്(ലോകയുവജനദിനസന്ദേശം, 2010).

യുവജനങ്ങളുടെ ദൗത്യത്തെ സംബന്ധിച്ച് വളരെ വ്യക്തവും കൃത്യവുമായ പ്രബോധനമാണ് ബെനഡിക്ട് മാർപാപ്പ നല്കുന്നത്. സമൂഹത്തിലാണ് യുവജനങ്ങൾ ക്രിസ്തുവിന് സവിശേഷ സാക്ഷ്യം വഹിക്കേണ്ടതെ

ന്ന് അദ്ധേഹം പഠിപ്പിക്കുന്നു. നിത്യജീവൻ കരസ്ഥമാക്കാൻ ഗുരോ എന്താണ് ചെയ്യേണ്ടതെന്ന യുവാവിന്റെ ചോദ്യത്തിനുള്ള ഉത്തരം കൂടിയാണിത്.

രണ്ടാമത്തെ പ്രസക്തമായ കാര്യം, ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ 29-ാമത് പ്ലീനറി സമ്മേളനം കഴിഞ്ഞ ഫെബ്രുവരി 24 മുതൽ മാർച്ച് 3 വരെ ആസ്സാമിലെ ഗോഹട്ടിയിൽ വച്ചു നടക്കുകയുണ്ടായി. ഈ സമ്മേളനത്തിന് ഏറെ സവിശേഷതയുണ്ടായിരുന്നു. യുവജനങ്ങൾ സമാധാനത്തിനും സമന്വയത്തിനും എന്ന വിഷയമാണ് സമ്മേളനം ചർച്ചചെയ്തത്. ഭാരതത്തിലെ മുഴുവൻ കത്തോലിക്കാമെത്രാന്മാരോടൊപ്പം ഭാരത കത്തോലിക്ക യുവജനപ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് 51 യുവജന നേതാക്കൾ ഈ സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായി. യുവജനങ്ങളുടെ പ്രസക്തി കൂടുതൽ പ്രകടമായിക്കൊണ്ടിരിക്കുന്ന ആധുനിക ജീവിതസാഹചര്യങ്ങളിൽ വിശ്വാസത്തിന്റെ പുത്തൻ ജീവിതപന്ഥാവിലേക്ക് യുവജനനിരയെ നയിക്കേണ്ടതുണ്ട് എന്ന് അവർ വിലയിരുത്തി. കൂടുതൽ ഉത്തരവാദിത്വപൂർണ്ണമായ ഒരു ജീവിതശൈലിയാണ് അത് യുവജനങ്ങളോട് ആവശ്യപ്പെടുന്നത്.

എന്നാൽ ഇന്നത്തെ യുവജനങ്ങൾക്ക് സാമൂഹിക പ്രതിജ്ഞാബദ്ധത കുറയുകയാണെന്ന ആക്ഷേപം വളരെ വ്യാപകമാണ്. സംഘടനാപ്രവർത്തനം, സാമൂഹിക സേവനം, രാഷ്ട്രീയ പ്രവർത്തനം, സഭാപ്രവർത്തനം എന്നിവയിൽ നിന്നും യുവജനങ്ങൾ പിൻവലിഞ്ഞു കൊണ്ടിരിക്കുന്നുവെന്ന് സ്ഥിതി വിവരകണക്കുകൾ കാണിക്കുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിലെ വസന്തകാലമാണ് യുവത്വം. ഏറെ ഊർജ്ജം പ്രസരിക്കുന്ന ഈ കാലഘട്ടത്തിലാണ് സ്നേഹിതനു വേണ്ടി ജീവനർപ്പിക്കുക എന്ന സ്നേഹത്തിന്റെ ഉത്തുംഗശൃംഗത്തിലേയ്ക്ക് യുവജനത്തിന് വളരാനാകുന്നത്. അപരന്റെ വ്യഥകളും വേദനകളും യുവജന മനസ്സുകളിൽ എന്നും അസ്വസ്ഥതകൾ ഉണ്ടാക്കിയിരുന്നു. ആ വേദനയിൽ വിശ്വാസത്തിന്റെ തീക്ഷ്ണത സമന്വയിപ്പിച്ചുകൊണ്ടായിരുന്നു യുവജനങ്ങൾ സാഹസികതയോടെ സ്വയം മറന്ന് സമൂഹത്തിന്റെ സമഗ്ര നന്മയ്ക്കായി ഇറങ്ങിയിട്ടുള്ളത്. പക്ഷേ, സാമൂഹിക ഇടപെടലുകളിൽ നിന്ന് യുവജനങ്ങൾ ഇന്ന് പരാങ്മുഖരായിക്കൊണ്ടിരിക്കുകയാണ്. സ്വന്തം വിദ്യാഭ്യാസം, ജോലി, സുഖസൗകര്യങ്ങൾ, സൗന്ദര്യസംരക്ഷണം, കലാ-കായിക വിനോദങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുന്നവരായി നമ്മുടെ യുവജനങ്ങൾ മാറുകയാണോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെ സംഭവിക്കുന്നത് സമൂഹത്തിന് വലിയ നഷ്ടമാണ്.

സാമൂഹിക-സമ്പർക്ക മാധ്യമങ്ങൾ ഭയാനകമായ രീതിയിലാണ് യുവജനങ്ങളെ സ്വാധീനിച്ചു കൊണ്ടിരിക്കുന്നത്. മാനുഷിക-ധാർമ്മിക മൂല്യ

ങ്ങളെക്കാൾ അധാർമ്മികവും ഭൗതികവുമായ മൂല്യങ്ങൾ അതിശക്തമായി സമൂഹത്തിലേക്ക്, പ്രത്യേകിച്ച് യുവജനങ്ങളിലേക്ക് സന്നിവേശിക്കപ്പെടുകയാണ്. യുവജനങ്ങളുടെ ശാരീരിക തൃഷ്ണകളെ ഉണർത്തി അവരെ കേവലം ഭൗതികരാക്കി മാറ്റുന്നതിന് ഇടയാക്കുന്നു. ഇന്ന് മുതിർന്നവരുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും മനസ്സുകളെ മലീമസമാക്കുന്നതിൽ പോർണോഗ്രാഫി അഥവാ അശ്ലീലദൃശ്യങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. ലൈംഗികാഭാസങ്ങളും അശ്ലീലതയും വ്യാപകമാകുന്നതിനതു കാരണമാകുന്നു. പോസ്റ്ററുകൾ, ചീത്തപ്പുസ്തകങ്ങൾ എന്നിവ വഴിയും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഐഫോൺ, സിഡി, എന്നീ ആധുനിക സാങ്കേതിക സൗകര്യങ്ങൾ വഴിയും വേഗത്തിലും എളുപ്പത്തിലും അശ്ലീലത ലഭ്യമാകുന്നുണ്ട്. ചെറിയപ്രായത്തിൽത്തന്നെ കൂട്ടുകാരുടെയും മറ്റും സ്വാധീനത്തിൽപ്പെട്ട് ഇപ്രകാരമുള്ള ദൃശ്യങ്ങളിൽ മുഴുകുന്നതും അതിന് അടിമകളാകുന്നതും യുവജനങ്ങളെ ഒരുതരത്തിലുള്ള മാനസികരോഗികളാക്കുന്നു. സ്ത്രീകളെ ആക്രമിക്കുന്നതടക്കമുള്ള അപകടകരമായ സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുന്നു. ലൈംഗികതയുടെ വിശുദ്ധി, മഹത്വം, ദിവ്യത, മനുഷ്യമഹത്ത്വം എന്നിവ തകിടം മറിയ്ക്കപ്പെടുകയും ചെയ്യുന്നു. യുവജനങ്ങളുടെ ഇടയിൽ മദ്യപാനശീലവും വർദ്ധിച്ചുവരികയാണ്. മയക്കുമരുന്നുകളുടെ കെണിയിൽ കുടുങ്ങുന്നവരുടെ എണ്ണവും കൂടുകയാണ്. ഇത്തരം ദുശ്ശീലങ്ങളും വലിയ പ്രതിസന്ധിക്ക് വഴിവയ്ക്കും. സമൂഹത്തിനും സഭയ്ക്കും രാഷ്ട്രീയത്തിനും യുവജനങ്ങളാണ് യുവത്വം പകരേണ്ടത്. ഈ മണ്ഡലങ്ങളിൽ യുവജനങ്ങളുടെ വിമുഖത അപകടകരമാണ്. ഇരുട്ടിനെ പഴിക്കുന്നതിനെക്കാൾ നന്ന് ഒരു തിരിയെങ്കിലും കത്തിക്കുകയാണ് എന്നോർക്കണം.

യുവജനങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന നിഷേധാത്മക പരിണാമത്തിന് അവരെ മാത്രമാണോ പഴിക്കേണ്ടതെന്നു മുതിർന്നവർ ആത്മവിമർശനം നടത്തേണ്ടിയിരിക്കുന്നു. യുവജനങ്ങളെ സ്വകാര്യമാത്ര തൽപരരാക്കി മാറ്റുന്ന പ്രവർത്തനങ്ങളുടെയും, ശാരീരിക തൃഷ്ണയിൽ മാത്രം അഭിരമിക്കുന്നവരാക്കിത്തീർക്കുന്നതിന്റെയും പിന്നിലെ ശക്തികളെ നാം മനസ്സിലാക്കണം. കമ്പോള-ഉപഭോഗ സംസ്കാരത്തിലെ സ്പോൺസർമാരുടെ കറുത്ത കരങ്ങളെ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ക്രൈസ്തവികത അടിസ്ഥാനപരമായി സമൂഹോന്മുഖമാണ്. സമൂഹത്തെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതം ക്രൈസ്തവ വിരുദ്ധമാണ്. യഥാർത്ഥ ക്രൈസ്തവയുവത്വം സമൂഹോന്മുഖമായിരിക്കണം എന്ന ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ പ്രബോധനത്തിൽ യുവജനത്തെ

ഉദ്ബുദ്ധരാക്കുകയാണ് എത്രയും പ്രധാനപ്പെട്ട കാര്യം. സാമൂഹിക പ്രതിജ്ഞാബദ്ധത കൊണ്ടു മാത്രമേ സ്വാർത്ഥതയെ ഇല്ലാതാക്കാൻ കഴിയൂ. യുവജന രൂപീകരണത്തിനും സംഘാടനത്തിനും ഗൗരവപൂർവകമായ പ്രാധാന്യം നല്കാൻ സി.ബി.സി.ഐ. സമ്മേളനം നമ്മോടാവശ്യപ്പെടുന്നുണ്ട്. ഓരോ ഇടവകയിലും യുവജന രൂപീകരണത്തിനും, സംഘാടനത്തിനുമുള്ള സംവിധാനങ്ങൾ ശക്തമാക്കണം. എല്ലാ യുവജനങ്ങളെയും സഭയിലെ ഏതെങ്കിലും യുവജനപ്രസ്ഥാനത്തിൽ ചേർന്നുപ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കണം. യുവജനങ്ങളും ഉണർന്നു ചിന്തിക്കേണ്ട സമയമാണിത്. ആഗോളീകരണത്തിന്റെ ഈ യുഗത്തിൽ നമ്മുടെ രാഷ്ട്രം വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതോടൊപ്പം തന്നെ പാർശ്വവത്കരണവും നടന്നുവരികയാണ്. ദളിതർ, ആദിവാസികൾ, ചെറുകിട കർഷകർ, മത്സ്യത്തൊഴിലാളികൾ, സ്ത്രീ തൊഴിലാളികൾ തുടങ്ങിയ നിരവധി വിഭാഗങ്ങൾ പ്രാന്തവത്കരിക്കപ്പെടുകയാണ്. ഈ വിഭാഗങ്ങളിൽപെട്ടവർക്ക് സാമൂഹിക നീതി സംലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളിൽ യുവജനങ്ങൾ ഏർപ്പെടേണ്ടിയിരിക്കുന്നു. രാഷ്ട്രീയപാർട്ടികൾ, ട്രേഡ് യൂണിയനുകൾ, സമുദായ സംഘടനകൾ, പരിസ്ഥിതി സംഘടനകൾ തുടങ്ങിയവയിൽ യുവജനങ്ങൾ നേതൃത്വപരമായ പങ്കുവഹിക്കണം. എങ്കിൽ മാത്രമേ നീതിനിഷ്ഠമായ ഒരു ഇന്ത്യയെന്ന സ്വപ്നം നമുക്ക് സാക്ഷാത്കരിക്കാൻ കഴിയൂ.

അതിന് സഹായകരമായ രീതിയിൽ യൂത്ത്കമ്മീഷൻ ചില നൂതന പദ്ധതികൾക്ക് തുടക്കമിടുകയാണ്. വിദ്യാസമ്പന്നരും അല്ലാത്തവരുമായ നമ്മുടെ മുഴുവൻ യുവജനങ്ങളുടെയും കഴിവുകളും സാദ്ധ്യതകളും സമൂഹ നിർമ്മിതിക്കും രാഷ്ട്രവികസനത്തിനും അതുവഴി സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനത്തിനും ഉപയുക്തമാകണം. നിലവിലുള്ള യുവജന സംഘടനകളോടൊപ്പംതന്നെ യുവജനങ്ങളുടെ ജീവിതവൃത്തിയുടെയും കരിയറിന്റെയും അടിസ്ഥാനത്തിൽ വിവിധങ്ങളായ യൂത്ത്ഫോറങ്ങൾ രൂപീകരിച്ച് എല്ലാ യുവജനങ്ങളെയും ഒന്നിച്ചുകൂട്ടുന്നതിന് ആരംഭം കുറിക്കുകയാണ്. ഇതുവഴി നമ്മുടെ സമ്പന്നമായ യുവജനസ്രോതസ്സിനെ സമൂഹത്തിലെ വിവിധ തട്ടുകളിലുള്ള ജനങ്ങളുടെ സമുദ്ധാരണത്തിന് ഉപയുക്തമാക്കാനും യുവജനങ്ങളുടെ തന്നെ സമഗ്രവികസനത്തിന് സഹായകരമാക്കാനും സാധിക്കും.

അതോടൊപ്പം, മറ്റുസംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും പഠനത്തിനും ഉദ്യോഗത്തിനുമായി പോയിട്ടുള്ള യുവജനങ്ങളുടെ അജപാലനശുശ്രൂഷയ്ക്കും നമുക്ക് കടമയുണ്ട്. താത്കാലികമായോ സ്ഥിരമായോ കേരളത്തിൽനിന്നകന്ന് മറ്റുസ്ഥലങ്ങളിലായിരിക്കുന്ന യുവജനങ്ങളൊക്കെ

ത്തന്നെ നമ്മുടെ കൂട്ടായ്മകളിലൂം പരിശീലനപരിപാടികളിലും ഭാഗഭാക്കുകളാണ്. അവരുമായുള്ള ബന്ധം നിലനിർത്തുവാനും അവരായിരിക്കുന്ന സാഹചര്യങ്ങളിൽ അവർക്ക് സംഘടനാപ്രവർത്തനംവഴി വിശ്വാസസാക്ഷ്യജീവിതത്തിന് പ്രചോദനമേകുവാനുമായി ഗ്ലോബൽ യൂത്ത് കോയ്നോനിയഎന്ന പേരിൽ യൂണിറ്റുകളാരംഭിക്കുവാൻ യൂത്ത് കമ്മീഷൻ പദ്ധതികളൊരുക്കുകയും ഇതിന്റെ പ്രാരംഭനടപടികൾ വിവിധ രാജ്യങ്ങളിൽ ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

യുവജനങ്ങളേ, യുവത്വം നിങ്ങളുടെ മാത്രം സ്വത്തല്ല. നിങ്ങളുടെ സ്വകാര്യ സ്വത്തുമല്ല. ഒരു തലമുറയുടെ മാത്രം സ്വത്തുമല്ല. ഓരോ മനുഷ്യനും തന്റെ ജീവിതയാത്രയിൽ കടന്നുപോകുന്ന മുഴുവൻ സ്ഥലകാലത്തിന്റെയും സ്വത്താണ്. അതേസമയം അത് ഓരോരുത്തരുടെയും സവിശേഷ സ്വത്തുമാണ്. മനുഷ്യവംശത്തിന്റെ മുഴുവൻ സ്വത്തുമാണ് എന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ അർത്ഥവത്താണ്. (യുവജനങ്ങൾക്കുള്ള അപ്പസ്തോലിക ലേഖനം 1).

ഗോഹട്ടിയിൽ ചേർന്ന ഭാരത കത്തോലിക്കാ മെത്രാൻ സമിതി പുറത്തിറക്കിയ ആഹ്വാനത്തിൽ യുവജനങ്ങളുടെ സാമൂഹിക-രാഷ്ട്രീയ പ്രേഷിതത്വത്തിന് വലിയ പ്രാധാന്യം നല്കിയിട്ടുണ്ട്. മനുഷ്യാവകാശങ്ങൾ, സാമൂഹിക നീതി എന്നീ പ്രശ്നങ്ങളിൽ ഇടപെടാൻ ഞങ്ങൾ യുവജനങ്ങളെ നിർബന്ധിക്കുന്നു. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, സിവിൽ സ്ഥാപനങ്ങൾ, ഭരണസംവിധാനങ്ങൾ എന്നിവയിൽ പങ്കുചേരാൻ ഞങ്ങൾ നിർബന്ധിക്കുന്നു. (സി.ബി.സി.ഐ.-ഗോഹട്ടി സമ്മേളനസന്ദേശം). കഴിഞ്ഞ വർഷത്തെ യുവജനദിന സന്ദേശത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ച് വേണ്ടതായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് ആസന്നമായ ഈ അവസരത്തിൽ മൂല്യബോധമുള്ളവർ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടെങ്കിൽ മാത്രമേ നീതിനിഷ്ഠവും അഴിമതി രഹിതവുമായ ഭരണം ഉണ്ടാകുകയുള്ളൂ എന്ന സത്യം നാം വിസ്മരിക്കാനിടയാകരുത്. അതിനാൽ, നേതൃത്വഗുണവും മൂല്യബോധവുമുള്ള യുവജനങ്ങൾ ഈ രംഗത്തേയ്ക്ക് വരുവാൻ വേണ്ട ഒത്താശയും പരിശീലനവും നല്കേണ്ടതുണ്ട്. ഓരോ രൂപതയിലും ഇടവക തലത്തിൽ ഇതിനുള്ള ക്രമീകരണം ഉണ്ടാകണം.

കേരളസഭയ്ക്ക് അഭിമാനിക്കാൻ വക നല്കുന്ന ഒരു പ്രസ്ഥാനമായി കെ.സി.വൈ.എം-ഉം, യുവജനങ്ങൾ ഉൾക്കൊള്ളുന്ന മറ്റു സംഘടനകളും മാറിക്കഴിഞ്ഞു. ഐ.സി.വൈ.എം -ന്റെയും, മിജാർക്കിന്റെയും, ഫിംകാപ്പിന്റെയും ദേശീയ-അന്തർദ്ദേശീയ നേതൃത്വത്തിലേയ്ക്ക് നലം തികഞ്ഞ


litor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

നേതാക്കന്മാരെ സംഭാവന ചെയ്യാൻ കെ.സി.വൈ.എം.ന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലത്തിലേറെയായി കേരളസഭയ്ക്കും പൊതു സമൂഹത്തിനും ഗുണാത്മകമായ സംഭാവനകൾ നല്കാൻ ഈ സംഘടന കൾക്ക്, പ്രത്യേകിച്ച്, കെ.സി.വൈ.എം -ന് സാധിച്ചിട്ടുണ്ട്. കെ.സി.വൈ. എം -ന്റെ യൂണിറ്റുകൾ കേരളത്തിലെ എല്ലാ ഇടവകകളിലും സ്ഥാപിക്ക പ്പെടണം. സമൂഹത്തിനും രാഷ്ട്രത്തിനും സഭയ്ക്കും സേവനം ചെയ്യാനു തകുന്ന നിരവധി പേരെ അതുവഴി നമുക്ക് സംഭാവന ചെയ്യാൻ കഴിയും. യുവജനദിനത്തിൽ എല്ലാ ഇടവകകളിലും യുവജനങ്ങൾക്കുവേണ്ടി പ്രത്യേ കമായി ദിവ്യബലി അർപ്പിക്കുകയും വിവിധങ്ങളായ പരിപാടികൾ ആസൂ ത്രണം ചെയ്ത് അവർക്ക് പ്രോത്സാഹനം നൽകുകയും വേണം. നമ്മുടെ യുവജനപ്രവർത്തനങ്ങൾക്കുവേണ്ടി സാമ്പത്തികസഹായവും നൽകണം. അന്നേദിവസം പള്ളികളിൽ പ്രത്യക പിരിവെടുത്ത് മുഴുവൻ തുകയും രൂപ താകേന്ദ്രങ്ങളിൽ ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭയെ യൗവനയുക്തയാക്കാൻ, സഭയെ കൂടുതൽ ക്രിസ്തുചൈതന്യ മുള്ളതാക്കാൻ യുവജനങ്ങളോടാവശ്യപ്പെടുമ്പോൾ യുവാവായ യേശുനാ ഥൻ സമൂഹത്തിന് നൽകിയ ദിശാബോധം സഭയിലൂടെ ഇന്നത്തെ സമൂഹ ത്തിന് പകർന്നുനല്കാൻ യുവജനങ്ങളെ സഭ ക്ഷണിക്കുകയാണ്. അത്രയും ശക്തമായ സാന്നിദ്ധ്യമാണ് സഭയ്ക്കുള്ളിൽ യുവജനങ്ങൾക്കുണ്ടാകേണ്ട ത്. പ്രത്യാശയുടെ പടിവാതിൽ എന്ന ഗ്രന്ഥത്തിലെ ജോൺ പോൾ രണ്ടാ മൻ മാർപാപ്പയുടെ ആഹ്വാനം നിങ്ങൾക്ക് പ്രചോദനമാകട്ടെ: ജീവിത ത്തിൽ ഏതാനും വർഷം മാത്രം നീണ്ടുനില്ക്കുന്ന സുന്ദരമായ ഒരു കാല ഘട്ടം മാത്രമല്ല, ദൈവപരിപാലനയിൽ ഒരു വ്യക്തിക്ക് ലഭിക്കുന്ന ഉത്തര വാദിത്വപൂർണ്ണമായ ഒരു കാലഘട്ടം കൂടിയാണ്, യുവത്വം.

യുവജനങ്ങളെ സ്നേഹിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരുടെ ഉന്നമനത്തിനുവേണ്ടി എല്ലാ സഹായസഹകരണങ്ങളും നൽകു വാനും യുവജനദിനാശംസകളോടെ ഏവരെയും ആഹ്വാനം ചെയ്യുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പി.ഒ.സി., കൊച്ചി - 25
24.05.2010

**ബിഷപ്പ് വിൻസന്റ് സാമുവൽ,**
ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ

---

ജൂലൈ 10-ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ ഇതിലെ ആശയങ്ങൾ പങ്കുവയ്ക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപത മെത്രാൻ

## 2010 ഏപ്രിൽ 26 ാം തീയ്യതി അവിഭക്ത പാലക്കാട് രൂപതയിലെ വൈദിക സമ്മേളനത്തിൽ രൂപതാദ്ധ്യതക്ഷൻ മാർ ജേക്കബ് മനത്തോടത്ത് നടത്തിയ പ്രഭാഷണം.

പ്രിയ ബഹു. അച്ചൻമാരേ,

ഇന്നത്തെ സമ്മേളനത്തിന് രണ്ട് പ്രധാന ഉദ്ദേശങ്ങളാണ് ഉള്ളത്: ഒന്ന് രാമനാഥപുരം രൂപതാദ്ധ്യക്ഷൻ മാർ പോൾ അലപ്പാട്ടിന് അഭിനന്ദനങ്ങൾ നേരുക, രണ്ട് ഈ രൂപതയിൽനിന്ന് രാമനാഥ പുരം രൂപതയിൽ സ്ഥിരമായി ചേർന്ന് സേവനം ചെയ്യുവാൻ സന്നദ്ധരായ ബഹു. അച്ചൻമാർക്കു നന്ദി പ്രകാശിപ്പിച്ച് യാത്രയയപ്പ്. കത്തീഡ്രൽ വികാരി ബഹു. കല്ലുവേലിൽ ജോസച്ചൻ അലപ്പാട്ട് പിതാവിനെ അഭിനന്ദിച്ചു സംസാരിച്ചു. രൂപതാ വൈദിക സമിതിയുടെ സെക്രട്ടറി ബഹു. പീറ്റർ കൊച്ചുപുരയ്ക്കലച്ചൻ പുതിയ രൂപതയിൽ ചേർന്ന പതിനാല് വൈദികർക്ക് നന്ദി പ്രകാശിപ്പിച്ചു.

അഭിവന്ദ്യ പിതാവിന് പാലക്കാട് രൂപതയുടെ പേരിൽ, പ്രത്യേകിച്ച് ഇവിടത്തെ വൈദികകൂട്ടായ്മയുടെ പേരിൽ സ്നേഹനിർഭരമായ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും ഞാനും നേരുന്നു. നമ്മുടെ ഇരുരൂപതകളും സഹകരിച്ച് പ്രവർത്തിക്കണം. മറ്റ് രൂപതകൾ തമ്മിൽ ഉള്ളതിനേക്കാൾ കൂടുതൽ സഹകരണം നമ്മുടെ രണ്ട് രൂപതകൾ തമ്മിൽ ഉണ്ടാകണം. കാരണം വ്യക്തമാണല്ലോ. പാലക്കാട് രൂപതയുടെ ഭാഗത്തുനിന്ന് അ സഹകരണം ഞാൻ ഉറപ്പുതരുന്നു. "ഒന്നിപ്പിക്കുന്ന സ്നേഹം ഭിന്നിപ്പിക്കുന്ന ശക്തികളേക്കാൾ പ്രബലം" എന്ന അപ്തവാക്യം പ്രതിഅലിപ്പിക്കുന്ന സഹകരണവും കൂട്ടായ മയും പ്രകടിപ്പിക്കുവാൻ നമുക്ക് സാധിക്കട്ടെ എന്ന് അശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പുതിയ രൂപതയിൽ സ്ഥിരമായി സേവനം ചെയ്യുവാൻ നമ്മുടെ അച്ചൻമാർ തയ്യാറാകണമെന്ന് ഞാൻ അച്ചൻമാരുടെ സമ്മേളനത്തിൽ അവശ്യപ്പെട്ടിരുന്നു. അതുപ്രകാരം അവിടെ സേവനം ചെയ്യുവാൻ തയ്യാറായ 14 അച്ചൻമർക്കും എൻെറ അഭിനന്ദനങ്ങൾ. ഇതുവരെ നിങ്ങൾ പാലക്കാട് രൂപതയിൽചെയ്ത സ്തുത്യർഹമായ സേവനങ്ങളെ ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. രൂപതയുടെ പേരിൽ, പ്രത്യേകിച്ച് ഈ Presbyerium ത്തിൻെറ പേരിൽ, നിങ്ങൾക്ക് ഞാൻ അത്മാർത്ഥമായ കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

നിങ്ങൾ പാലക്കാട് രൂപതയുടെ വൈദികരായിരുന്നു. ഈ രൂപത,

പ്രത്യേകിച്ച് ഈ വൈദികകൂട്ടായ്മ, തുടർന്നും നിങ്ങളെ അങ്ങനെതന്നെ കാണും. ഞാൻ നിങ്ങളെ തുടർന്നും എൻെറ വൈദികരായിട്ടുതന്നെ കണക്കാക്കും. രാമനാഥപുരം രൂപതാദ്ധ്യക്ഷൻ നിങ്ങളെ രൂപതയിലേക്ക് സ്വീകരിച്ചുകൊണ്ട് എനിക്ക് എഴുത്ത് നൽകിയത് 2010 ഏപ്രിൽ 20 ാം തീയ്യതിയാണ്. അതേ തീയിതിമുതൽ നിങ്ങൾ അ രൂപതയിലെ വൈദികരായിരിക്കും എന്ന് വ്യക്തമാക്കുന്ന എഴുത്ത് ഞാൻ ഇപ്പോൾ നിങ്ങൾക്ക് നൽകുന്നു. നിങ്ങളോടുള്ള ഞങ്ങളുടെ നന്ദിയുടെ പ്രതീകമായി ഒരു ചെറിയ സമ്മാനവും നൽകുന്നു.

14 അച്ചൻമാരെകൂടാതെ 6 അച്ചൻമാർ ഞാൻ അവശ്യപ്പെട്ടപ്രകാരം പുതിയ രൂപതയിൽ നിശ്ചിതകാലം സേവനം ചെയ്യുവാൻ തയ്യാറായിട്ടുണ്ട്. അവർ: അം. ജോൺസൺ കണ്ണാംപാടത്തിൽ, അം. സന്തോഷ് മുരിക്കനാനിക്കൽ, അം. ബിജോയ് ജോതിരക്കോട്ട്, അം. ഷിജോ മാവറയിൽ, അം. അനു കളപ്പുരയ്ക്കൽ, അം. കുളമ്പിൽ ജോസ് എന്നിവരാണ്. അവർ May 19 നാണ് പുതിയ രൂപതയിൽ സേവനം അരംഭിക്കേണ്ടത്.

പുതിയ രൂപതയെ സാമ്പത്തികമായി സഹായിക്കുന്നതിനെപ്പറ്റി രൂപതാ അലോചനാസമിതി 2010 ജനുവരി 28ന് അർച്ചചെയ്ത് ചില തീരുമാനങ്ങൾ എടുത്തു. അവയും ഇവിടെ സൂചിപ്പിക്കുന്നു.

1. ഇരു രൂപതകളുടെയും അതിർത്തികൾക്കുള്ളിൽ വരുന്ന സ്ഥാപര ജംഗമ വസ്തുക്കൾ അതാതു രൂപതയക്ക് അവകാശപ്പെട്ടതായിരിക്കും.

2. പുതിയ രൂപതയുടെ പ്രാരംഭ അവശ്യങ്ങൾക്കായി പാലക്കാട് ഭാഗത്തുള്ള ഇടവകകളിൽനിന്നും പിരിച്ചെടുക്കുന്ന പത്തു ലക്ഷം രൂപ ഉൾപ്പെടെ ഒരു കോടി രൂപ നൽകുകയെന്നതായിരുന്നു രണ്ടാമത്തെ തീരുമാനം. പ്രസ്തുത തുകയ്ക്കുള്ള ചെക്ക് ഇപ്പോൾ ത്തന്നെ അഭിവന്ദ്യപിതാവിനെ ഞാൻ ഏൽപ്പിക്കുന്നു.

3. വരുഅനഗിരി, അലത്തൂർ, കടപ്പാറ, എന്നീ മൂന്ന് എസ്റ്റേറ്റുകളിലെ രൂപതവക സ്ഥലത്തുനിന്നും ഇപ്പോഴത്തെ സാൻജോ ടവറിൽനിന്നും ഉള്ള net income ൻെറ ഇരുപത്തഞ്ചു ശതമാനം പുതിയ രൂപതയ്ക്ക് വരുന്ന അഞ്ച് വർഷത്തേക്ക് കൊടുക്കുന്നതാണ്.

4. രാമനാഥപുരം രൂപതാദ്ധ്യക്ഷൻ താത്പര്യപ്പെടുന്നെങ്കിൽ അവിടെനിന്നുള്ള വൈദികാർത്ഥികളെ വരുന്ന 5 വർഷത്തേക്ക് പാലക്കാട് മൈനർ സെമിനാരിയിൽ സൗജന്യമായി പഠിപ്പിക്കുന്നതാണ്. പുതിയ രൂപതയിലേക്ക് opt ചെയ്യുന്ന വൈദികവിദ്യാർത്ഥികൾക്കുവേണ്ടി കിട്ടിയിട്ടുള്ള burse അ രൂപതയിലേക്ക് കൊടു

ക്കുന്നതാണ്.

5. പുതിയ രൂപതയിൽ ചേർന്ന അച്ചൻമാർ പലക്കാട് രൂപതയിലെ അച്ചൻമാരെപ്പോലെ Group Insurance ൽ പ്രീമിയം അടച്ച് ചേരുന്നെങ്കിൽ അവരുടെ IP ചികിത്സയ്ക്ക് അവശ്യമുള്ള തുക പാലക്കാട് പാലന മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രസ്തുത ചികിത്സ അവർ തേടുന്ന പക്ഷം, രൂപതയിലെ Priests Welfare Fund ൽ നിന്ന് 5 വർഷത്തേക്ക് നൽകുന്നതാണ്.

6. പുതിയ രൂപതയിൽ ചേർന്ന വൈദികർക്ക് പാലക്കാട് രൂപതാ Priests' Welfare Fund ൽ അംഗത്വം നഷ്ടപ്പെടുന്നതിനാൽ അവർക്ക് ഫണ്ടിന്റെ നിയമാവലി അനുശാസിക്കുന്ന പ്രകാരമുള്ള തുക നൽകുക.

രാമനാഥപുരം രൂപതയിലേക്ക് കൈമാറേണ്ട രേഖകളെല്ലാം രൂപതാദ്ധ്യക്ഷൻ നിയോഗിക്കുന്ന വൈദികന്റെ പക്കൽ ഔദ്യോഗികമായി ഏൽപിക്കുന്നതാണ്.

ഇരു രൂപതകളെയും ദൈവം തുടർന്നും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പാലക്കാട്
26.04.2010

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

# From the Bishop's Diary

**June 2010**

| | |
|---|---|
| 2 | Meeting, Bishop's House |
| 6 | Chittady |
| 7-9 | KCBC meeting, POC, Kochi |
| 10 | Ullala |
| 13 | Leaves for Rome |

**July 2010**

| | |
|---|---|
| 20 | Return |

# From the Bishop's Office

**പ്രാർത്ഥയിൽ സ്മരിക്കാൻ**

ഫാ. സെബാസ്റ്റ്യൻ തയ്യിൽ മരണ വാർഷികം ജൂൺ 29.

**ബൈബിൾ ഞായർ**

ജൂൺ മാസം 13 മുതൽ 20 വരെ ബൈബിൾ വാരമായും 20-ാം തിയ്യതി ബൈബിൾ ഞായറായും സഭ ആചരിക്കുന്നു. അന്നേ ദിവസം വിശുദ്ധ കുർബ്ബാന മദ്ധ്യേയുള്ള സ്തോത്രക്കാഴ്ച കെ. സി.ബി.സി. ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**വൈദികരുടെ മാസ ധ്യാനം**

ജൂൺ മാസത്തിലെ വൈദികരുടെ മാസധ്യാനം അതതു ഫൊറോ നകളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**പത്രോസിന്റെ കാശ്**

മാർപ്പാപ്പയുടെ പരസ്നേഹ പ്രവർത്തങ്ങൾക്കായുള്ള സംഭാവനകൾ ജൂൺ 28-ാം തിയ്യതി ഞായറാഴ്ച സമാഹരിച്ച് തുക രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**സീറോ മലബാർ സഭാദിനം**

ജൂലൈ 3-ാം തീയതി സീറോ മലബാർ ദിനമായി നമ്മുടെ ഇടവക കളിലും സ്ഥാപനങ്ങളിലും സമുചിതമായി ആഘോഷിക്കുമല്ലോ. ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ ഇടയലേഖനത്തിൽ നിർദ്ദേശിച്ചപ്ര കാരം ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിന്റെ പ്രവർത്ത നങ്ങൾക്കുവേണ്ടി അന്ന് ഇടവകകളിൽ പ്രത്യേക പിരിവ് എടുത്ത് തുക ജൂലൈ അവസാനത്തോടെ രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പി ക്കേണ്ടതാണ്.

**നന്ദി - സ്വാഗതം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുവാനായി വന്നിരിക്കുന്ന ഫാ. ഷാജു അവനൂർ OSH (കാഞ്ഞിരപ്പുഴ) , ഫാ. ജോസഫ് മാലിപ്പറ മ്പിൽ RCJ (കാരറ) എന്നിവർക്ക് രൂപതയിലേക്ക് സ്വാഗതം. രൂപത യിലെ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറുന്ന ഫാ. ബേബി പാറേക്കാട്ടിൽ TOR (പനംകുറ്റി)ന് നന്ദി.

**വിശ്വാസ പരിശീലന വാർഷാരംഭം**

ജൂൺ 6-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേ ദിവസം ഇടവകകളിൽ മതബോധന ദിനമായി ആചരിക്കുമല്ലോ.

## രാമനാഥപുരം രൂപതാ ഉദ്ഘാടന – മെത്രാഭിഷേക കർമ്മ – കമ്മറ്റികളോട് വിട

രാമനാഥപുരം രൂപതയുടെ ഉദ്ഘാടനവും മാർ പോൾ ആലപ്പാട്ട് പിതാവിന്റെ മെത്രാഭിഷേകർമ്മവും ഭക്തി നിർഭരവും മനോഹരവുമായി നടത്തുവാൻ നമുക്കുസാധിച്ചു. അന്നത്തെ തിരുകർമ്മങ്ങളിൽ പങ്കെടുത്തവർ വളരെ ആത്മസംതൃപ്തിയോടെ പറഞ്ഞു കേട്ടു. “എല്ലാം നന്നായിരിക്കുന്നു”. പരിപാടികളുടെ വിജയത്തിന്റെ പിന്നിൽ നൂറു കണക്കിനാളുകളുടെ കഠിനാദ്ധ്വാനമുണ്ടെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. അവർക്കെല്ലാം പാലക്കാട് രൂപതാധ്യക്ഷൻ മാർജേക്കബ് മനത്തോടത്ത് പിതാവ് മെത്രാഭിഷേക പൊതുസമ്മേളനത്തിൽ പ്രകാശിപ്പിക്കുകയുണ്ടായി. എന്നാലും വിവിധ കമ്മിറ്റികളിൽ പ്രവർത്തിച്ചവർ അവരുടെ ദൗത്യം ഭംഗിയായി പൂർത്തിയാക്കിയ സാഹചര്യത്തിൽ അവരോടുള്ള നന്ദി പ്രത്യേകം അറിയിക്കുകയും കമ്മറ്റികൾ പിരിച്ചു വിടുകയും ചെയ്യേണ്ടത് യുക്തമാണെന്ന് തോന്നിയതിനാൽ മെയ് 17 ന് തിങ്കളാഴ്ച വൈകീട്ട് 5 മണിക്ക് രാമനാഥപുരം കത്തീഡ്രൽ ഹാളിൽ യോഗം ചേരുകയുണ്ടായി. യോഗത്തിൽ രണ്ട് പിതാക്കന്മാരും പങ്കെടുത്തു.

പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ മെത്രാഭിഷേക കമ്മിറ്റി ചെയർമാൻ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സീറോ മലബാർ സഭയിലെ ഈ വർഷം നടന്ന മെത്രാഭിഷേക ചടങ്ങുകളിൽ ഏററവും ചിട്ടയോടും ഭക്തിയോടും കൂടെ നടന്നത് രാമനാഥപുരത്തെ പരിപാടികളാണെന്ന് നമ്മുടെ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സൂചിപ്പിച്ച വിവരം അദ്ദേഹം അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. പിതാവിന്റെ പ്രസ്തുത വിലയിരുത്തൽ പാലക്കാട് രാമനാഥപുരം രൂപതാംഗങ്ങളായ നമുക്ക് എന്നും അഭിമാനിക്കത്തക്കതാണ്.

മെത്രാഭിഷേക കർമ്മത്തിന്റെ ഓരോ കാര്യവും അതീവ സൂക്ഷമതയോടും താല്പര്യത്തോടും ശ്രദ്ധയോടും കൂടിയാണ് മാർ മനത്തോടത്ത് പിതാവ് നിർവ്വഹിച്ചതെന്ന് മാർ പോൾ ആലപ്പാട്ട് പിതാവ് എടുത്തു പറഞ്ഞു. എല്ലാം ഭംഗിയാക്കാൻ അദ്ധ്വനിച്ച കമ്മറ്റിയംഗങ്ങളെയും അവർക്ക് നേതൃത്വം നൽകിയവരെയും പിതാവ് അഭിനന്ദിച്ചു.

സഭയിലെ സാങ്കേതിക ക്രമീകരണത്തിലൂടെ പാലക്കാട് രാമനാഥപുരം എന്നീ രണ്ടു രൂപതകൾ നിലവിൽ വന്നുവെങ്കിലും നാളിതുവരെ നമുക്കുണ്ടായിരുന്ന ആത്മബന്ധത്തിനും സൗഹൃദത്തിനും അതിർത്തിവരമ്പു കളില്ലെന്ന് മാർ മനത്തോടത്ത് പിതാവ് സൂചിപ്പിച്ചത് കാലങ്ങൾ അതിജീവി

ക്കേണ്ട പൈതൃക പത്രമേനിയായി അംഗങ്ങൾക്ക് അനുഭവപ്പെട്ടു. ഭാവിയിൽ ഭരണ സംവിധാനങ്ങളിൽ വിത്യാസങ്ങൾ ഉണ്ടായാലും പൂർവ്വ ബന്ധങ്ങളൊന്നും മറക്കരുതെന്നുകൂടെ പിതാവ് കൂട്ടിച്ചേർത്തു.

മെത്രാഭിഷേക കർമ്മത്തിന്റെ വിജയത്തിനായി കൂട്ടുത്തരവാദിത്വത്തോടെ ദിനരാത്രങ്ങൾ കഠിനാദ്ധ്വാനം ചെയ്തവരെയും പരിപാടികൾക്കു വേണ്ടി അൽവേർണിയ സ്കൂൾ ഗ്രൗണ്ടും അവിടുത്തെ മറ്റു സംവിധാനങ്ങളും സന്തോഷത്തോടെ വിട്ടു തന്ന ക്ലാരാസഭാധികാരികളെയും പിതാവ് അഭിനന്ദിക്കുകയും കമ്മറ്റികളെ പിരിച്ചുവിട്ടതായി അറിയിക്കുകയും ചെയ്തു. നമ്മുടെ പരിപാടികളുടെ വരവുചെലവുകണക്കുകൾ രൂപതാ പ്രോക്കുറേറ്റർ ബ. ഡൊമിനിക് ഐപ്പൻ പറമ്പിൽ അച്ചൻ അവതരിപ്പിച്ചു. യോഗം അത് ഐകകണ്ഠേന അംഗീകരിച്ച് പാസ്സാക്കി. പാലക്കാട് രൂപതാദ്ധ്യക്ഷനും രൂപതാംഗങ്ങളും നാളിതുവരെ കോയമ്പത്തൂർ പ്രദേശങ്ങളിൽ അനുഷ്ഠിച്ച ത്യാഗോജ്ജ്വല സേവനങ്ങൾ കൺവീനർ മോൺ. ജോർജ് നരിക്കുഴി അനുസ്മരിച്ചു. ശ്രീ. എ. ആർ. ജോസ് എല്ലാവർക്കും നന്ദിരേഖപ്പെടുത്തി.

പാലക്കാട് രൂപതയുടെ ചരിത്രത്തിൽ എന്നെന്നും തിളങ്ങിനിൽക്കുന്ന രാമനാഥപുരം രൂപതയുടെ ഉൽഘാടനത്തിലും പുതിയ ഇടയന്റെ സ്ഥാനാരോഹണ കർമ്മത്തിലും ഭാഗഭാക്കുകളാകുവാൻ ഭാഗ്യം ലഭിച്ച നമ്മളും ചരിത്രത്തിന്റെ ഭാഗധേയം നിർണ്ണയിക്കുവാൻ പ്രാപ്തരായതിൽ അഭിമാനിക്കാം.

**മോൺ. ജോസഫ് ചിറ്റിലപ്പിള്ളി**
മെത്രാഭിഷേക കമ്മിറ്റി ചെയർമാൻ.

**സ്ഥാപനങ്ങളുടെ ചുമതലയുള്ള ബഹു. അച്ചന്മാരുടെ ശ്രദ്ധക്ക്**

പെരി. ബഹുമാനപ്പെട്ട ഫാ. പോൾ തോട്ടിയാൻ, ഫാ. സെബാസ്റ്റ്യൻ മംഗലൻ എന്നിവരെ നമ്മുടെ രൂപതയിലെ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റേഴ്സ് ആയി ഞാൻ നിയമിച്ചിട്ടുണ്ട്. ഈ ജൂൺ മാസം മുതൽ അവരുടെ പ്രവർത്തനം ആരംഭിക്കും. അവർ ആവശ്യപ്പെടുമ്പോൾ അച്ചന്റെ ചുമതലയിലുള്ള സ്ഥാപനത്തിന്റെ/സ്ഥാപനങ്ങളുടെ കണക്കുകൾ ഇന്റേണൽ ഓഡിറ്റിംഗിനുവേണ്ടി കൊടുക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ പ്രവർത്തന രീതി, അക്കൗണ്ടിംഗ് സിസ്റ്റം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളും ആവശ്യപ്പെട്ടാൽ നല്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപത മെത്രാൻ

# APPOINTMENT & TRANSFER OF PRIESTS

1. Fr. Joby Tharaniyil, Vicar, St. Agnes Church & Chaplain Marian Convent, Sacred Heart Convent, Mary Matha Convent Shoranur and Vicar St. Mary's Church & Chaplain , St. Mary's Convent Malayakam w.e.f . 19/05/2010.
2. Fr. Jose Kulambil, relieved for service in the eparchy of Ramanathapuram. w.e.f. 19/05/2010.
3. Fr. George Thuruthipally, Vicar, Good Shepherd Church and Chaplain Assisi Convent, Assisi Sadhan Convent & Assisi Formation House Kanjikode. w.e.f . 19/05/2010.
4. Fr. Tom Vadakkekara, Asst. Director, ITC Valliyode and Vicar, St. Joseph's Church Kannampra and Christ Church, Thachanady and Chaplain Dhivyakarunya Convent, Valliyode & Charity Convet, Thachanadi. w.e.f . 19/05/2010.
5. Fr. Gilbert Ettonnil Vicar, St. Joseph's Church, Karara & Santhi Natha Church, Shanthithadam (additional) , Chaplain, Kristhu Joythi Bhavan, Karara .w.e.f . 19/05/2010.
6. Fr. Joseph Mailapparambil RCJ, Associate Vicar, St. Joseph's Church, Karara & Santhi Natha Church, Shanthithadam w.e.f . 19/05/2010.
7. Joby Thekkinedath, Relieved of Vicar, St. Joseph's Church, Karara & Santhi Natha Church, Shanthithadam w.e.f . 19/05/2010.
8. Fr. Jaimon Pallineerakkal, Secertary to Bishop, Director, Shanthibhavan Orphanage, Palakkad, Editor, Roopatha Bulletin and Chaplain, Mercy Home, Palakkad. w.e.f., 13/06/2010.
9. Fr. Shyju Naduvathaniyil, on study leave w.e.f., 13/06/2010.
10. Fr. Raju Pulickathazhe, Vicar, St Sebastian's Church, Njarakode w.e.f . 19/05/2010.
14. Fr. George Theruvankunnel, Vicar, Christ the King Church, Panamkutty (additional). w.e.f. 15.06.2010.
15. Fr. Baby Parekattil TOR, Relieved of the office of the Vicar Christ the king Church, Panamkutty w.e.f., 15.06.2010.
16 . Fr. Ceejo Karikattil, Assit. Vicar, Lourde Matha Forane Church, Vadakkencherry w.e.f . 19/05/2010.
17. Fr. Shaju Avanoor OSH, Associate Vicar, St. Thomas Forane Church, Kanjirapuzha w.e.f . 19/05/2010.
18. Fr. Jose Aloor, Vicar, St. Antony's Church, Valuparambu (Stay at Good Shepherd, Kanjikode) w.e.f . 19/05/2010.
19. Fr. Anto Keettickal, Relieved of St. Antony's Church, Valuparambu w.e.f . 19/05/2010.
20. Fr. Nilesh Thuruthuvelil, Vicar St. Joseph's Church, Katampazhipuram & St. Mary's Church, Alangad and Chaplain, Carmel Ashram, Katampazhipuram w.e.f . 19/05/2010.

21. Fr. Francis Pottathuparambil, Relived of the office of Vicar St. Agnes Church, Shoranur & St. Mary's Church , Malayakam w.e.f . 19/05/2010.
22. Fr. Wilson Plackal, Relived of the office of Chaplain Seraphic Noviciate House, St. Francis Convent, Polpully w.e.f . 19/05/2010.
23. Msgr. Joseph Chittilapilly, Chaplian St. Francis Convent, St. Seraphic Province Polpully, w.e.f 1.6.2010.

## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ

| | |
|---|---|
| ചിറ്റൂർ (അട്ടപ്പാടി) | ശ്രീ. ജോസ് മാക്കോളിൽ & ശ്രീ. സെബാസ്റ്റ്യൻ പാലത്തിങ്കൽ |
| ധോണി | ശ്രീ. വർഗ്ഗീസ് ഇളംകുന്നപ്പുഴ & ശ്രീ. ഉലഹന്നാൻ വെറുംതടം |
| എടത്തനാട്ടുകര | ശ്രീ. ജോയ് ഓലിക്കൽ & ശ്രീ. ജോസ് അറമ്പാക്കൽ |
| എളവംപാടം | ശ്രീ. ബെന്നി മറ്റപ്പള്ളി & ശ്രീ. ആന്റണി ചെറുപറമ്പിൽ |
| കടമ്പഴിപ്പുറം | ശ്രീ. സണ്ണി പനച്ചിക്കൽ & ശ്രീ. ജോർജ്ജുകുട്ടി കൊഴുപ്പക്കുളം |
| കടപ്പാറ | ശ്രീ. ഷാജി നടയിൽ & ശ്രീ. ജിമ്മി കോലാടിയിൽ |
| കയറാടി | ശ്രീ. ജോസഫ് വരിക്കമാക്കൽ & ശ്രീ. ജോയ് കാക്കനാട് |
| കല്ലേക്കാട് | ശ്രീ. തോമസ് ചക്കാലമറ്റത്തിൽ & ശ്രീ. തോമസ് മണലിൽ |
| കല്ലേപ്പുള്ളി | ശ്രീ. ചിരോത സൈമൺ & ശ്രീ. ആന്റണി വടക്കൂറ്റ് |
| കഞ്ചിക്കോട് | ശ്രീ. ഫ്രാൻസിസ് കോക്കപ്പിള്ളി & ശ്രീ. സെബാസ്റ്റ്യൻ നാഗപറമ്പിൽ |
| കാഞ്ഞിരപ്പുഴ | ശ്രീ. സുരേഷ് മണ്ണൂരാംപറമ്പിൽ & ശ്രീ. ചാക്കോ തോമസ്, വട്ടുകുന്നേൽ |
| കാരാപ്പാടം | ശ്രീ. ലൂക്കോസ് കണ്ണാമ്പാടത്തിൽ & ശ്രീ. പിയൂസ് ചൊവ്വല്ലൂർ |
| കരിമ്പ | ശ്രീ. നോബിൾ ആലപ്പാട്ട് & ശ്രീ. സണ്ണി കട്ടപ്പാറയിൽ |
| മലയകം | ശ്രീ. തോമസ് ജോസഫ് വളവന്തറ & ശ്രീ. ടി. എം. കുര്യൻ, തുണ്ടിയിൽ |
| മംഗലംഡാം | ശ്രീ. ബെന്നി കറുകന്താനം & ശ്രീ. ജോൺ മാത്യു കാടൻകാവിൽ |
| പാലക്കാട് ടൗൺ | ശ്രീ. ജോസഫ് തോമസ് മുക്കട & ശ്രീ. കുര്യൻ വാഴപ്പള്ളി |
| മാങ്കുറുശ്ശി | ശ്രീ. ജോർജ്ജ് പ്ലാപ്പള്ളി, & ശ്രീ. ജോസ് അടവിച്ചിറ |
| മേലാർക്കോട് | ശ്രീ. സി.എ. വാറുണ്ണി പതിയാൻ & ശ്രീ. റോജോ ഡേവിഡ് തേക്കാനാത്ത് |
| നീതിപുരം | ശ്രീ. മാത്യു വളയംപള്ളിൽ & ശ്രീ. ടോമി കൊച്ചുകുന്നേൽ |
| ഒലവക്കോട് | ശ്രീ. ജോണി കാഞ്ഞിരത്തിങ്കൽ & ശ്രീ. ജോയ് ജോസഫ് പടിഞ്ഞാറേക്കാട്ടിൽ |
| ഒലിപ്പാറ | ശ്രീ. ദേവസിക്കുട്ടി മുതുപ്പറമ്പിൽ & ശ്രീ. ജോസ് തോന്നക്കര |
| ഒറ്റപ്പാലം | ശ്രീ. ജോസ് അയ്യങ്കുളം & ശ്രീ. സിജോ കൈതമറ്റം |
| പനങ്കുറ്റി | ശ്രീ. ചാക്കോ കുന്നത്തുമറ്റത്തിൽ & ശ്രീ. രാജു കൊള്ളന്നൂർ |
| രാജഗിരി | ശ്രീ. ജോസഫ് വല്ലയിൽ & ശ്രീ. ബേബി നാത്തായിൽ |
| ഷോളയൂർ | ശ്രീ. ജോസ് പാലിത്തൈ & ശ്രീ. ഗീവർഗ്ഗീസ് താന്നിപള്ളി |
| ഷൊർണൂർ | ശ്രീ. ജോണി തെക്കേത്തല, ശ്രീ. ജോർജ്ജ് ചീരൻ & ശ്രീ. ജോർജ്ജ് വാഴപ്പള്ളി |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-07-10 | THU | Rev. Fr. Arackal John |
| 02-07-10 | FRI | Rev. Fr. Arikatt Anto |
| 04-07-10 | SAT | Rev. Fr. Arisseriyil Thomas |
| 05-07-10 | MON | Rev. Fr. Chakkalakal Joshy |
| 06-07-10 | TUE | Rev. Fr. Chakkumpeedika Davis |
| 07-07-10 | WED | Rev. Fr. Cheniyara Jose |
| 08-07-10 | THU | Rev. Fr. Cheekkapara Joy |
| 09-07-10 | FRI | Rev. Msgr. Chittilapilly Joseph |
| 10-07-10 | SAT | V. Rev. Fr. Chittilapilly Jose P. |
| 12-07-10 | MON | Rev. Fr. Edathala George |
| 13-07-10 | TUE | V. Rev. Fr. Ettonnil Gilbert |
| 14-07-10 | WED | Rev. Fr. Ettumanookaran Martin |
| 15-07-10 | THU | Rev. Fr. Kaitharath Antony |
| 16-07-10 | FRI | Rev.Fr. Kalamattathil Arun |
| 17-07-10 | SAT | Rev. Fr. Kalampadan Martin |
| 19-07-10 | MON | Rev. Fr. Kalapurakkal Joseph |
| 20-07-10 | TUE | Rev. Fr. Kallingal Joseph |
| 21-07-10 | WED | V. Rev. Fr. Kalluvelil Jose |
| 22-07-10 | THU | Rev. Fr. Kanjirathinkal Renny |
| 23-07-10 | FRI | Rev. Fr. Kannampuzha Jose |
| 24-07-10 | SAT | Rev. Fr. Karikkattil Ceejo |
| 26-07-10 | MON | Rev.Fr. Keettikkal Anto |
| 27-07-10 | TUE | Rev. Fr. Kizhakkedath Roy |
| 28-07-10 | WED | Rev. Fr. Kizhakkedath Thom |
| 29-07-10 | THU | Rev. Fr. Kochuparambil Jose |
| 30-07-10 | FRI | V. Rev. Fr. Kochupurackal Peter |
| 31-07-10 | SAT | Rev. Fr. Kodakasseriyil Jomis |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**

**Palakkad Rupatha Bulletin**
litor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# വിശ്വാസ പരിശീലനം

**വിശ്വാസ പരിശീലന വർഷാരംഭം**

ജൂൺ 6–ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേദിനം ഇടവകകളിൽ മതബോധനദിനമായി ആചരിക്കാനും അന്നേദിവസം മുൻകൂട്ടി അറിയിച്ച് സ്തോത്രകാഴ്ച എടുത്ത് പ്രസ്തുത തുക മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാമതബോധന കേന്ദ്രത്തിൽ എത്തിക്കാനും ശ്രദ്ധിക്കുമല്ലോ.

**ബി.ടി.സി**

വിശ്വാസ പരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കായുള്ള ബേസിക് ട്രെയ്നിംഗ് കോഴ്സ് (ബി.ടി.സി) ജൂൺമാസം 11,12,13 വെള്ളി, ശനി, ഞായർ തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ രാത്രി 10 വരെയാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും പാസ്റ്ററൽ സെന്ററിൽ താമസിച്ച് ബി.ടി.സി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

3 ദിവസത്തെ കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമേ ബി.ടി.സി സർട്ടിഫിക്കററ് ലഭിക്കുകയുള്ളുവെന്ന് ഓർമ്മിപ്പിക്കുന്നു. ബി.ടി.സി സർട്ടിഫിക്കറ്റ് മതബോധനരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു അടിസ്ഥാനയോഗ്യതയാണെന്ന് ഓർമ്മിക്കുമല്ലോ. രജി. ഫീസ് 150 രൂപ

**പുസ്തക പരിചയപ്പെടുത്തൽ**

പുതിയ അധ്യാപകർക്കുള്ള പുസ്തക പരിചയപ്പെടുത്തൽ ബി.ടി.സി. യുടെ അവസാനദിവസമായ ജൂൺ 13 ഞായർ 9.30am to 4.00pm വരെയായിരിക്കും. ഈ വർഷം പുതിയ ക്ലാസ്സുകളിലേക്ക് പഠിപ്പിക്കാൻ പോകുന്ന അധ്യാപകർക്ക് ഞായറാഴ്ച വന്ന് സംബന്ധിക്കാവുന്നതാണ്. പാസ്റ്റൽ സെന്ററിലായിരിക്കും പുസ്തക പരിചയപ്പെടുത്തൽ നടത്തുക.

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ "തിരുസഭ മാതാവും ഗുരുനാഥയും" എന്നതിനെ ആസ്പതമാക്കി ഏകദിനസെമിനാറുകൾ എല്ലാഫൊറോനകളിലും സംഘടിപ്പിക്കുന്നു. ദൈവമക്കളായ നമ്മൾ അമ്മയായ തിരുസഭയെ അറിയാനും സ്നേഹിക്കാനും ഗുരുനാഥയായി ഹൃദയത്തിൽ സ്വീകരിക്കാനും ഈ വർഷത്തെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജൂൺ 12 ശനി | 9.30am to 4.00pm | താവളംഫോറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ജൂലൈ 10 ശനി | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**Palakkad Rupatha Bulletin**

Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 6

| | | | |
|---|---|---|---|
| ജൂലൈ 10 ശനി | | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 10 ശനി | | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (മംഗലംഡാം പാരിഷ്ഹാൾ) |
| ആഗസ്റ്റ് 9 തിങ്കൾ | | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 9 തിങ്കൾ | | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 14 ശനി | | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 14 ശനി | | 9.30am to 4.00pm | പാലക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**VIII, IX, X സെമിനാറുകൾ**

ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അവരുടെ പഠനവിഷയങ്ങളെ ഉൾകൊള്ളിച്ചും വിശ്വാജീവിതത്തിന്റെ പ്രായോഗികവശങ്ങളെ കൂടുതൽ മനസിലാക്കി കൊടുക്കുക എന്ന ഉദ്ദേശത്തോടെയും ഫോറോന തലത്തിൽ ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. ജീവിത മൂല്യങ്ങൽ നൽകുക, പഠനം എളുപ്പമാക്കുക, ബോധ്യങ്ങളുള്ള പുത്തൻ തലമുറയെ വാർത്തെടുക്കുക ഇവയാണ് സെമിനാറുകളുടെ ലക്ഷ്യം. അധ്യായനവർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത കുർബാനയിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 20 രൂപയാണ്.

**VIII, IX, X ക്ലാസുകളിലെ സെമിനാർ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| ജൂലൈ 4 ഞായർ | | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 8 ഞായർ | | 9.30am to 4.00pm | മേലാർക്കോട് ഫൊറോന<br>നെന്മാറ സോൺ (നെന്മാറ പാരിഷ്ഹാൾ)<br>മംഗലംഡാം സോൺ (മംഗലംഡാം പാരിഷ്ഹാൾ) |
| ആഗസ്റ്റ് 8 ഞായർ | | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 25 ബുധൻ | | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

| | | |
|---|---|---|
| സെപ്തം. 1 ബുധൻ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന<br>കാഞ്ഞിരപ്പുഴ സോൺ<br>(കാഞ്ഞിരപ്പുഴ പരിഷ്ഹാൾ)<br>പൊന്നംകോട് സോൺ<br>(പൊന്നംകോട് പാരിഷ്ഹാൾ) |
| സെപ്തം. 10 വെള്ളി | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന<br>(ചെറുപുഷ്പം സ്കൂൾ) |
| സെപ്തം. 11 ശനി | 9.30am to 4.00pm | താവളം ഫൊറോന<br>താവളം സോൺ<br>(സെഹിയോൻ ധ്യാനകേന്ദ്രം)<br>ജെല്ലിപ്പാറ സോൺ<br>(ജെല്ലിപ്പാറ പാരിഷ്ഹാൾ) |
| സെപ്തം. 21 ചൊവ്വ | 9.30am to 4.00pm | പാലക്കാട് ഫൊറോന<br>(പാസ്റ്ററൽ സെന്റർ) |

**I & II HDC ഏകദിനസെമിനാറുകൾ**

**HDC** ക്ലാസ്സിലെ പഠനശേഷം വിശ്വാസ പരിശീലന രംഗത്തുനിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണ്ണെന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. ജീവന്റെ മൂല്യമാണ് ഈ വർഷത്തെ ചർച്ചാവിഷയം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ആരംഭിച്ച് 4.00മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത കുർബാനയിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ.

**I & II HDC ഏകദിനസെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | |
|---|---|---|
| ജൂൺ 27 ഞായർ | 9.30am to 4.00pm | താവളം ഫൊറോന<br>(സെഹിയോൻ ധ്യാനകേന്ദ്രം) |
| ജൂലൈ 4 ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന<br>(ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 11 ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന<br>(ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 18 ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന<br>(പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 1 ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന<br>(ഫൊറോന പാരിഷ്ഹാൾ) |

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 6

| | | |
|---|---|---|
| ആഗസ്റ്റ് 22 ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ആഗസ്റ്റ് 29 ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്തം.5 ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റിസം, ഡെയ്‌ലികാറ്റിക്കിസം, സന്മാർഗ്ഗ ശാസ്ത്രം എന്നിവയുടെ പുസ്തകവും മറ്റും വാങ്ങിയവർ ജൂൺ 30 ന് ഉള്ളിൽ കണക്കുകൾ തീർക്കുവാൻ താല്പര്യപ്പെടുന്നു. അവർക്കുമാത്രമേ കൺസെഷൻ ലഭിക്കുകയുള്ളൂ. കുട്ടികൾക്കുള്ള ബാഗ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.

**ജനറൽ ക്വിസ്സ് 2010 –2011**

സൺഡേക്കേറ്റിസം പരീക്ഷകൾ, സ്കൊളിസ്റ്റ് ടെസ്റ്റ്. ക്വിസ് മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ ജനറൽ ക്വിസ് 2010 – 2011 ആവശ്യമുള്ളവർക്ക് സാൻജോബുക്ക് സ്റ്റാളിൽ നിന്നോ മതബോധന കേന്ദ്രത്തിൽ നിന്നോ ലഭിക്കുന്നതാണ്. വില. 8 രൂപ.

**സ്റ്റാറ്റിസ്റ്റിക്സ് & ന്യൂ ടീച്ചേഴ്സ് ഫോം.**

സൺഡേ സ്കൂൾ സ്റ്റാറ്റിക്സും, പുതിയ അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാ ഫോമും മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനദിവസം ജൂലായ് 18 ഞായറാണ്.

**ലോഗോസ് ക്വിസ് 2010**

5 മുതൽ II HDC വരെയുള്ള ക്ലാസുകളിൽ വിശ്വസപരിശീലനം നേടുന്ന എല്ലാ കുട്ടികളും മതദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ 1 മുതൽ ആരംഭിക്കുന്നു. ഫീസ് 10 രൂപയാണ്. കുട്ടികളുടെ ക്ലാസ് കൃത്യമായും വ്യക്തമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ്തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**നന്ദിയും സ്വാഗതവും**

ഫൊറോന ഡയറക്ടർമാരായി വളരെ സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ഫാ. ജിബി എട്ടൊന്നിലിനും (മണ്ണാർക്കാട്) ഫാ. ജോബി കാച്ചിപ്പള്ളിക്കും (ഒലവക്കോട്), രൂപതാ സെക്രട്ടറിയായിരുന്ന സി. ജോയ്സിക്കും മതബോധന കേന്ദ്രത്തിൽ റിജന്റായി സേവനം ചെയ്ത ബ്ര.ജോയ്സ് പീടികയിയ്ക്കും ഹൃദ്യമായി നന്ദി പറയുന്നു.

ഫൊറോന ഡയറകടർമാരായി പുതിയതായി നിയമിതനായിരിക്കുന്ന ഫാ. ജോയ് ചീക്കപ്പാറ (മണ്ണാർക്കാട്), ഫാ. ബിജു കല്ലിങ്കലിനും (ഒലവക്കോട്) മതബോധകേന്ദ്രത്തിൽ പുതിയ രൂപത സെക്രട്ടറിയായി എത്തിയിരിക്കുന്ന

Palakkad Rupatha Bulletin
litor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

സി. എൽസാ തെരേസിനും പുതിയറിജന്റായി കടന്നുവന്നിരിക്കുന്ന ബ്ര. ടോണി അറയ്ക്കലിനും സ്വാഗതവും എല്ലാവിധ പ്രർത്ഥനാശംസകളും നേക്കുന്നു.

**രൂപതാ മതബോധന കൗൺസിൽ**

മതബോധന കൗൺസിൽ മീറ്റിംഗ് മെയ് 1-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ വച്ച് നടന്നു. അടുത്ത മൂന്ന് വർഷത്തേക്കുള്ള രൂപതാ കൗൺസിൽ അംഗങ്ങൾ ഇതിൽ സംബന്ധിച്ചു. പുതിയംഗങ്ങൾക്കെല്ലാം സ്വാഗതം ആശംസിച്ചുകൊണ്ടാണ് മീറ്റിംഗ് തുടങ്ങിയത്. പുതിയ കൗൺസിൽ സെക്രട്ടറിയായി C.M. Mathew കല്ലടിക്കോട് തിരഞ്ഞെടുക്കപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ ഓരോ ഫൊറോനകളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് പുതിയ അധ്യയനവർഷത്തെ പ്രവർത്തനപരിപാടികൾക്ക് രൂപരേഖ തയ്യാറാക്കി. ഈ വർഷത്തെ മതബോധനവിഷയമായി "തിരുസഭ മാതാവും ഗുരുനാഥയും" എന്നത് തീരുമാനിച്ചു. സെമിനാറുകളെക്കുറിച്ചുള്ള ചർച്ചകളുമുണ്ടായി രുന്നു. കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ച എല്ലാ അംഗങ്ങൾക്കും നന്ദി.

**റെഗുലർ സ്കൂൾ അധ്യാപകസെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സൻമാർഗ്ഗികവുമായ വളർച്ചയ്ക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അദ്ധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്ന സെമിനാറുകൾ നടക്കുന്ന തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജൂൺ 26 ശനി | 10.00am to 4.00pm | പാലക്കാട് മേഖല സെമിനാർ (പാസ്റ്ററൽ സെന്റർ) |
| ജൂലൈ 17 ശനി | 10.00am to 4.00pm | മണ്ണാർക്കാട് മേഖലാ സെമിനാർ (ചെറുപുഷ്പം സ്കൂൾ) |
| ജൂലൈ 31 ശനി | 10.00am to 4.00pm | മണ്ണാർക്കാട് മേഖല സെമിനാർ (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 7 ശനി | 10.00am to 4.00pm | താവളം മേഖല സെമിനാർ സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം |

**റെഗുലർ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് & പദ്ധതി**

എല്ലാ സ്കൂളുകളും സ്റ്റാറ്റിസ്റ്റിക്സ് ഫോറവും 2010 -2011 അദ്ധ്യായനവർഷത്തിലെ സ്കൂൾ തല വിശ്വാസ പരിശീലന പ്രവർത്തനങ്ങളുടെ കർമ്മപദ്ധതിയും ജൂൺ 30 ന് മുമ്പ് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റെഗുലർ സ്കൂൾ കൗൺസിൽ മീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ അംഗങ്ങളുടെയും പ്രധാന അദ്ധ്യാപക രുടെയും മീറ്റിംഗ് മെയ് 1-ാം തിയ്യതി ശനിയാഴ്ച 2.00pm to 4.00pm വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. അടുത്ത അദ്ധ്യായനവർഷത്തിലെ സ്കൂൾതല വിശ്വാസ പരിശീലന പരിപാടികളെപ്പറ്റി പരിചിന്തനം ചെയ്യുകയും പൊതുവായ കർമ്മപരിപാടികൾക്ക് രൂപം നൽകുകയും ചെയ്തു Rev. Sr. Roshini CMC യെ സൗൺസിൽ സെക്രട്ടറിയായി തിരഞ്ഞെടുത്തു

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

# Bible Apostolate

**ബൈബിൾ ഞായർ**

ബൈബിൾ ഞായറിന് ഒരുക്കമായുള്ള ബൈബിൾ വാരാചരണം ഈ മാസം ജൂൺ 13 മുതൽ 20 വരെ ആചരിക്കുന്നു. ഈ ബൈബിൾ വാരാചരണ ത്തിന്റെ അവസാനദിവസമായ 20-ാം തിയ്യതിയാണ് ബൈബിൾ ഞായർ ആചരിക്കുന്നത്. ആഴം ആഴത്തെ വിളിക്കുന്നു എന്നതാണ് ബൈബിൾ വാരാചരണത്തിന്റെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത്. ദൈവ വചനത്തിൽ ആഴപ്പെടുന്നതിനും ജീവിതത്തിൽ വചനം ആഴപ്പെടുത്തുന്ന തിനും ഈ ബൈബിൾ വാരചരണം ആഹ്വാനം ചെയ്യുന്നു. പള്ളികളിലും, സ്ഥാപനങ്ങളിലും, കുടുംബങ്ങളിലും ഇതോടനുബന്ധിച്ച് പ്രത്യേക പ്രാർത്ഥനകളും വചനശ്രവണാവസരങ്ങളും സംഘടിപ്പിക്കുന്നത് അഭികാ മ്യമാണ്.

**ലോഗോസ് ക്വിസ് 2010**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി. ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭാമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2010.


litor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**ലോഗോസ് ക്വിസ് 2010-ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D,E എന്നീ 5 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A വിഭാഗം -01.1999 നു ശേഷം ജനിച്ചവർ
B വിഭാഗം-01.01.1994 നും 31.12.1998 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം-01.01.1979 നും 31.12.1993 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം-01.01.1959 നും 31.12. 1978 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം-31.12.1958 നു മുമ്പ് ജനിച്ചവർ

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ രജിസ്ട്രേഷൻ ആരംഭിക്കുന്നത്.2010 ജൂൺ 1-നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2010 ജൂലൈ 31 നും ആയിരിക്കും. മത്സരത്തിനുള്ള പാഠഭാഗങ്ങൾ 1) പുറപ്പാട് 1-15; 2)വി. മത്തായി 1-14; 3) വി. യാക്കോബ് എഴുതിയ ലേഖനം പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി ബൈബിളും , ഇംഗ്ലീഷിന് RSV ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ2010 സെപ്റ്റംബർ 26-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്.

അഖില കേരള മത്സരപ്പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനനസർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ നവംബർ 1-ന് മുൻപായി പി.ഒ.സിയിൽ എത്തിച്ചിരിക്കണം. രൂപതാതലവിജയികൾക്കായുള്ള (3X5=15) സംസ്ഥാന തല മത്സരം പി.ഒ.സിയിൽ വച്ച് 2010 നവംബർ 28-ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെയായിരിക്കും.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

**അഖിലകേരളതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 3000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.
2-ാം സമ്മാനം 2000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 1000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും.

4-ാം സമ്മാനം 500 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും
(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)
5-ാം സമ്മാനം 100 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുന്ന ബാക്കി എല്ലാവർക്കും (450-50=400) ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)
1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം.
5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം

80 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സെപ്റ്റംബർ 26-ാം തീയതി നടത്തുന്ന രൂപതാതലപരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നൽകുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സണ്ടേസ്കൂൾതലം ഢ മുതൽ കക ഒഉഇ വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സണ്ടേസ്കൂളുകൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഇടവകതലത്തിൽ**

ഒരോ പ്രായ വിഭാഗമനുസരിച്ച് '25 -ന്റെ ഓരോ ഗുണിതത്തിനും (50,75,100,125....) ഒരു സമ്മാനം' എന്ന അനുപാതത്തിൽ എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

* 50-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 2 പേർക്ക്സമ്മാനങ്ങൾ
* 125- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 5 പേർക്ക് സമ്മാനങ്ങൾ

* 1000- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 40 പേർക്ക് സമ്മാനങ്ങൾ
* 2000-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 80 പേർക്ക് സമ്മാനങ്ങൾ
* 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C,D,E പ്രായവിഭാഗത്തിലുള്ളവർക്കും കെ.സി.ബി,സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടാതെ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന രൂപതകൾക്കും ഇടവകകൾക്കും പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നൽകുന്നതായിരിക്കും. അഖിലകേരളതലത്തിലുള്ള സമ്മാനങ്ങൾ നവംബർ 28-ന് അഖിലകേരള മത്സരപരീക്ഷയുടെ സമാപനത്തിൽ ഉച്ചകഴിഞ്ഞ് 5 മണിക്ക് വിതരണം ചെയ്യുന്നതായിരിക്കും.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

# അൾത്താരസംഘം

**രജിസ്ട്രേഷൻ**

അൾത്താര സംഘത്തിന്റെ രൂപതാതല പരിപാടികൾ ജൂൺ 1-ാം തിയ്യതി മൂലമാണ് ആരംഭിക്കുന്നത്. അൾത്താരസംഘത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ?. ഇല്ലാത്ത ഇടവകകളിൽ യൂണിറ്റ് സ്ഥാപിക്കാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷനുള്ള അവസാന തിയ്യതി ജൂൺ 30ന് ആയിരിക്കുക.

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റിംഗ്**

അൾത്താരസംഘം ആനിമേറ്റേഴ്സിന്റെയും ലീഡേഴ്സിന്റെയും മീറ്റിംഗ് ജൂൺ 19 -ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30am to 4.00pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ചു നടക്കുന്നു. എല്ലാവരും സംബന്ധിക്കണം

**അൾത്താരസംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലൻമാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്ന സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജൂൺ 26 ശനി | 9.30 am to 4.00pm | പാലക്കാട് ഫൊറോന പാസ്റ്ററൽ സെന്റർ |
| ജൂലൈ 17 ശനി | 9.30 am to 4.00pm | മണ്ണാർക്കാട് ഫൊറോന ഫൊറോന പാരിഷ്ഹാൾ |

| | | |
|---|---|---|
| ജൂലൈ 24 ശനി | 9.30 am to 4.00pm | മേലാർക്കോട് ഫൊറോന<br>മംഗലംഡാം പാരിഷ്ഹാൾ |
| ജൂലൈ 31 ശനി | 9.30 am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന<br>ഫൊറോന പാരിഷ്ഹാൾ |
| ആഗസ്റ്റ് 7 ശനി | 9.30 am to 4.00pm | താവളം ഫൊറോന<br>സെഹിയോൻ ധ്യാനകേന്ദ്രം |
| ആഗസ്റ്റ് 21 ശനി | 9.30 am to 4.00pm | ഒറ്റപ്പാലം ഫൊറോന<br>ഫൊറോന പാരിഷ്ഹാൾ |
| ആഗസ്റ്റ് 28 ശനി | 9.30 am to 4.00pm | വടക്കഞ്ചേരി ഫൊറോന<br>ചെറുപുഷ്പം സ്കൂൾ |
| സെപ്റ്റം. 18 ശനി | 9.30 am to 4.00pm | ഒലവക്കോട് ഫൊറോന<br>ഫൊറോന പാരിഷ്ഹാൾ |

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, അൾത്താരസംഘം

# തിരുബാലസഖ്യം

**പ്രവർത്തനവർഷാരംഭം**

തിരുബാലസഖ്യത്തിന്റെ പ്രവർത്തനങ്ങൾ ജൂൺ 1–ാം തിയ്യതി മുതൽ ആരംഭിക്കുന്നു. തിരുബാലസഖ്യത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാനും രൂപതയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ അത് പുതുക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. എല്ലായൂണിറ്റുകളും രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് ജൂൺ 30 –ാം തിയ്യതിക്കുള്ളിൽ രൂപതാകേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

**അദ്ധ്യായനവർഷം 2011 – 2012**

പുതിയ അദ്ധ്യായനവർഷത്തിലേക്ക് പ്രവേശിക്കുന്ന എല്ലാ കുഞ്ഞുമക്കൾക്കും ദൈവാനുഗ്രഹവും ആശംസകളും സ്നേഹപൂർവ്വം നേരുന്നു. ഉണ്ണിശോയുടെ കൈ പിടിച്ച് സ്കൂളിലേക്ക് പോകാൻ ശ്രദ്ധിക്കുക. ഒപ്പം നന്നായി പഠിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ്**

തിരുബാലസഖ്യം ആനിമേറ്റേഴ്സിന്റെയും ലീഡേഴ്സിന്റെയും മീറ്റിംഗ് ജൂൺ 19 ന് ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെടുന്നു. ക്യാമ്പിൽ രൂപതയിലെ എല്ലാ ആനിമേറ്റേഴ്സും ലീഡേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം

# K.C.S.L

**കെ. സി. എസ്. എൽ**

കൂട്ടുക്കാർക്കെല്ലാവർക്കും പുതിയ അധ്യയനവർഷത്തിലേയ്ക്ക് സ്വാഗതം. വിശ്വാസവും പഠനവും സേവനവും വഴി ക്രിസ്തുവിലേക്ക് വളരാനും അങ്ങനെ ചുറ്റുമുള്ളവർക്ക് മാതൃകകളാക്കാനും കഴിയട്ടെ എന്ന് ആരംഭ ത്തിലേ ആശംസിക്കുന്നു.

**പ്രവർത്തന വർഷ ഉദ്ഘാടനം**

കെ.സി.എസ്.എൽ ന്റെ രൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം പതിവു പോലെ ജൂലൈ മാസം തന്നെ നടത്തുന്നതാണ്. തിയ്യതി പിന്നീട് അറിയിക്കു ന്നതാണ്. സമ്മേളനത്തിലേയ്ക്ക് എല്ലാവരേയും ഇപ്പോഴേ ക്ഷണിക്കുന്നു.

**അഭിനന്ദനങ്ങൾ**

ഈ വർഷത്തെ 10, 12, ക്ലാസ്സുകളിൽ വിജയം നേടിയ എല്ലാ കെ.സി.എസ്. എൽ കൂട്ടുകാർക്കും അഭിനന്ദനങ്ങൾ എല്ലാ വിഷയത്തിലും മുഴുവൻ A+ നേടിയ കൂട്ടുകാർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**ഫാ. ആന്റോ കീറ്റിക്കൽ**

ഡയറക്ടർ, കെ. സി.എസ്.എൽ.

# സി എൽ സി.

**സി.എൽ.സി. ഇലക്ഷൻ 2010**

2010 – 2012 വർഷത്തേക്കുള്ള സി.എൽ.സി. ഇലക്ഷൻ 2010 ജൂൺ 12 പാസ്റ്റൽ സെന്ററിൽ വെച്ച് നടത്തുന്നു. സമയം രാവിലെ 10 മണി. ഇടവക യിൽ 2010 –2011 വർഷത്തേക്ക് തിരഞ്ഞെടുത്ത ഭാരവാഹികളോ, ഇടവക യിൽ നിന്ന് സമ്മതപത്രത്തിൽ പറയുന്ന പ്രതിനിധികളോ ആയിരിക്കണം ഇലക്ഷനിൽ പങ്കെടുക്കേണ്ടത്. നിലവിലെ രൂപതാ എക്സിക്യൂട്ടിവിനും ഇലക്ഷനിൽ പങ്കെടുക്കാം. റവ. ഫാ. ബിജു പ്ലാത്തോട്ടത്തിന്റെ അദ്ധ്യക്ഷ തയിലായിരിക്കും ഇലക്ഷൻ നടക്കുക. ഇലക്ഷന്റെ നിബന്ധനകളും നിർദ്ദേ ശങ്ങളും ചുവടെ ചേർക്കുന്നു.

1. ഇലക്ഷനിൽ പങ്കെടുക്കുന്ന വ്യക്തി മത്സരിക്കുന്ന പോസ്റ്റിൽ ഇടവ കയിൽ ഒരു വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം.
2. ഒരു ഇടവകയിൽ നിന്നും 5 പേരടങ്ങുന്ന പാനലായിരിക്കണം ഇല ക്ഷനിൽ പങ്കെടുക്കേണ്ടത്. 5 ൽ ഒരാൾ വനിത ആയിരിക്കണം.

3. ഒരു യൂണിറ്റിന് ഒരു വോട്ട് ആയിരിക്കണം.
4. മത്സരാർത്ഥികൾ ബഹു. ഇടവക ഡയറക്ടറുടെ സമ്മതപത്രം കൊണ്ടുവരണം.
5. 2010 - 2012 വർഷത്തോക്കായിരിക്കും പുതിയ ഭരണസമിതിയുടെ കാലാവധി.

**ഇലക്ഷൻ നടക്കുന്ന സ്ഥാനങ്ങൾ**

1. പ്രസിഡന്റ്
2. വൈസ് പ്രസിഡന്റ്
3. ജനറൽ സെക്രട്ടറി
4. ജോയിന്റ് സെക്രട്ടറി
5. ട്രഷർ
6. ഓർഗനൈസർ (4 പേർ) ഓരോ മേഖലയ്ക്കും ഓരോ ഓർഗനൈസർ (പാലക്കാട്, മേലാർക്കോട്, നെന്മാറ, ഒലവക്കോട്)
7. എക്സിക്യൂട്ടീവ് മെമ്പേഴ്സ് (4 പേർ) (രണ്ടു വനിതകളും രണ്ടു പുരുഷൻമാരും

**യൂണിറ്റ് രജിസ്ട്രേഷൻ**

2010-2011 വർഷത്തേക്കുള്ള യൂണിറ്റ് രജിസ്ട്രേഷനു വേണ്ട ഫോം രൂപതകേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ് യൂണിറ്റ് രജിസ്ട്രേഷൻ ഫീസ് 100 രൂപ യൂണിറ്റ് ഒന്നിന് അവസാന തിയ്യതി ജൂൺ 30.

**ഫാ. ബിജു പ്ലാത്തോട്ടത്തിൽ,**
ഡയറക്ടർ, സി.എൽ.സി.

# മാതൃസംഘം

യൂണിറ്റിൽ ദൈവവിളി പ്രോത്സാഹിപ്പിച്ച അമ്മമാരെ ആദരിക്കൽ.
മാധ്യമങ്ങളുടെ ഉപയോഗവും മനുഷ്യന്റെ ആരോഗ്യവും.
വീട്ടുവളപ്പിലെ മൃഗസംരക്ഷണം.
പ്രകൃതി സ്നേഹം വിദ്യാലയങ്ങളിൽ വളർത്തണം. പ്രഥമപാഠങ്ങൾ കുടുംബങ്ങളിൽ നിന്ന്.
വിശ്വാസപരിശീലനരംഗത്ത് അമ്മമാരുടെ ഉത്തരവാദിത്വം.
വിശ്വാസപരിശീലനം മക്കൾക്ക് അത്യാവശ്യമെന്ന അവബോധം നല്കുക.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം


litor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ജൂൺ | 6-11 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർഖാൻ വട്ടായിൽ |
| ജൂൺ | 13-18 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 253333, 253647. സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക.

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

ജൂൺ 6 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധീപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ജൂൺ 20 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2010 ജൂൺ 06 മുതൽ 11 വരെ 20 മുതൽ 25 വരെ

ഫാ. ബെന്നി പീറ്റർ
**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**

# നവീകരണ മുന്നേറ്റം

ഈ മാസത്തെ പി.എസ്.ടി 7-ാം തിയതി തിങ്കളാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു എല്ലാ പി.എസ്.ടി അംഗങ്ങളും ഇതിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ലീഡേഴ്സ് കൂട്ടായ്മ**

സോണൽ തലത്തിൽ പതിവുള്ള ലീഡേഴ്സ് കൂട്ടായ്മ ജൂൺ മാസം 18 വെള്ളിയാഴ്ച (ജാഗരണ പ്രാർത്ഥനയുടെ തലേ വെള്ളിയാഴ്ച) രാവിലെ 10.00 മുതൽ ഉച്ചതിരിഞ്ഞ് 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. വിവിധ മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ സബ്-സോൺ-സോൺ സേവനസമിതിയംഗങ്ങൾ പ്രാർത്ഥനാ ഗ്രൂപ്പ് ലീഡേഴ്സ് തുടങ്ങി നവീകരണമുന്നേറ്റത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാവരും പങ്കെടുക്കേണ്ടതാണ്.

**ജാഗരണ പ്രാർത്ഥന**

എല്ലാ മാസാവസാന വെള്ളിയാഴ്ചയും പാലക്കാട് സോണൽ കരിസ്മാറ്റിക് സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ നടക്കുന്ന ജാഗരണ പ്രാർത്ഥന 2010 ജൂൺ 25 വെള്ളിയാഴ്ച രാത്രി 7.00 മുതൽ പിറ്റേന്ന് രാവിലെ 5.00 വരെ പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തുന്നു. ഈ രാത്രിയിൽ അനേകർക്കൊപ്പം നമുക്കും പങ്കുചേരാം അനുഗ്രഹങ്ങൾ പ്രാപിക്കാം.

**ക്രിസ്റ്റീൻ ധ്യാനങ്ങൾ**

ജൂൺ 11, 12, 13 തിയതികളിൽ കാരാകുറിശ്ശി പൊമ്പ്ര, അരപ്പാറ ഇടവകകളിലെ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

# Family Apostolate

**<u>പ്രീകാന കോഴ്സ്</u>**
**2010 ജൂൺ 7, 8, 9, 10. ജൂലൈ 5, 6, 7, 8**
തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.

# സി.എം.എൽ.

പ്രിയ കുഞ്ഞു മിഷനറിമാരെ ,

നമ്മുടെ 2010–2011 പ്രവർത്തനവർഷം ജൂൺ 1 മുതൽ ആരംഭിക്കുകയാണ്. പുതുവർഷത്തിന്റെ മംഗളങ്ങൾ എല്ലാവർക്കും നേരുന്നു. കഴിഞ്ഞ ഒരു പ്രവർത്തന വർഷം രൂപതാ സമിതിയോടുള്ള സഹകരണങ്ങൾക്ക് നന്ദി അറിയിക്കുന്നു.

2010–2011 പ്രവർത്തന വർഷാരംഭത്തിൽ ചെയ്യേണ്ട കാര്യങ്ങൾ താഴെ കുറിക്കുന്നു.

**ശാഖ**

1. ശാഖകളിൽ കൗൺസിൽ വിളിച്ചു ചേർത്ത് 2009–2010 പ്രവർത്തന വർഷത്തെ എക്സിക്യൂട്ടീ വിൽ പാസാക്കിയ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു പാസാക്കുക.
2. 2010–2011 പ്രവർത്തന വർത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുക.
3. ശാഖാ തെരഞ്ഞെടുപ്പ് കഴിവതും മേഖലാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ ആക്കുക.
4 2010 ജൂലൈ 12 ന് പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തുന്ന രൂപതാ കൗൺസിൽ എല്ലാ ശാഖ ഭാര വാഹികളും പങ്കെടുക്കുക.

5 മാനുവൽ ഗ്രൂപ്പ് പുന: സംഘടിപ്പിച്ച് മാനുവൽ ബുക്ക് പൂരിപ്പിക്കാൻ ആരംഭിക്കുക.

6 ശാഖകളിൽ വിദ്യാഭ്യാസ ഫണ്ട് സ്വരൂപിച്ച് അർഹരായവർക്ക് നൽകുക.

7 മാധ്യമങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ശാഖ സെമിനാനാർ സംഘടിപ്പിക്കുക.

**മേഖല**

1 മേഖലാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മേഖലാ കൗൺസിൽ വിളിച്ചു ചേർക്കുക.

2 ഭാരവാഹികളുടെ ഒഴിവ് ഉണ്ടെങ്കിൽ അവ നികത്തുക

3 2009–2010 പ്രവർത്തന വർഷത്തെ മേഖല റിപ്പോർട്ടും കണക്കും രൂപതാ സമിതിയെ ഏൽപ്പിക്കുക.

4 രൂപതാ കൗൺസിലിൽ എല്ലാ മേഖലാ ഭാരവാഹികളും പങ്കെടുക്കുക.

**രൂപതാകൗൺസിൽ മാർഗ്ഗരേഖ പ്രകാശനം**

രൂപതാ, മേഖലാ, ശാഖ ഭാരവാഹികൾ  വർഷത്തിൽ ഒരിക്കൽ മാത്രം കൂടുന്ന  നമ്മുടെ രൂപതാ കൗൺസിൽ ഈ വർഷം ജൂലൈ 12-ാം തിയ്യതി യാണ്.

സ്ഥലം: പാസ്റ്ററൽ സെന്റർ പാലക്കാട്.

സമയം: 2010 ജൂലൈ 12-ന് 9.30 അങ3.30 ജങ

രജി.ഫീസ് : ശാഖ ഒന്നിന് 150 രൂപ.

പങ്കെടുക്കുന്നവർ: മേഖലാ,ശാഖ ഡയറക്ടർ,  വൈസ് ഡയറക്ടർ, ആനിമേറ്റർ,പ്രസിഡന്റ്, വൈസ് പ്രസിഡന്റ് , സെക്രട്ടറി, ജോയിന്റ് സെക്രട്ടറി.

**ജൂൺ- വിളിക്ക്- കാതോർത്ത്**

**കർമ്മപരിപാടികൾ**

1 ചൊവ്വ-2010-2011 പ്രവർത്തന വർഷം ആരംഭിക്കുന്നു.

6 ഞായർ മരിച്ചുപോയ മിഷൻ ലീഗ് അംഗങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക.

8 ചൊവ്വ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ തിരുനാൾ

12 ശനി സംസ്ഥാന തല പ്രവർത്തനോദ്ഘാടനം

13 ഞായർ ശാഖകളിൽ പ്രവർത്തനോദ്ഘാടനം  നടത്തുക രൂപതാ രക്ഷാധികാരി ദിനം, രൂപതാധികാരികൾക്കായി  ശാഖകളിൽ പ്രാർത്ഥന നടത്തുക

20 ഞായർ ബൈബിൾ ഞായർ- ബൈബിൾ പ്രതിഷ്ഠയും ബൈബിൾ റാലിയും നടത്തുക.

30 ഞായർ ശാഖ അംഗത്വ ലിസ്റ്റും, ഭാരവാഹികളുടെ മേൽവിലാസവും ശാഖ വാർഷിക റിപ്പോർട്ടും മേഖലാ കേന്ദ്രത്തിൽ എത്തിക്കുക.

**പ്രാർത്ഥനാ നിയോഗം** - ഈ വർഷം വിദ്യാരംഭം കുറിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി.

സുകൃതജപം -എന്റെ ഈശോയെ, എന്റെ ആശ്രയമേ.

**രൂപതാ കൗൺസിലിലേക്ക്  ക്ഷണിച്ചുകൊണ്ടും നല്ലൊരു പ്രവർത്തന വർഷം ആരംഭിച്ചുകൊണ്ടും**

**ഫാ. ബിജു കല്ലിങ്കൽ**

ഡയറക്ടർ, സി. എം. എൽ.

# പി.എസ്.എസ്.പി.

**സേഫ് എ ഫാമിലി പ്ലാൻ**

**സേഫ് എ ഫാമിലി സ്പോൺസർമാരുടെ ശ്രദ്ധയ്ക്ക്**

1. ഇനിയും ബനഫാക്ടേഴ്സിന് അയയ്ക്കേണ്ട കത്തുകൾ നല്കാത്തവർ എത്രയും പെട്ടെന്ന് കത്തുകൾ ഓഫീസിൽ എത്തിക്കേണ്ടതാണ്. കത്തുകൾ വൈകിയാൽ ബനഫാക്ടേഴ്സ് സഹായം നിർത്തുന്നതാണ്.
2. ഹാൻഡ് ബുക്കുകൾ ഇനിയും ലഭിക്കാത്തവരും അതിൽ അക്കൗണ്ടുകൾ പതിക്കാത്തവരും എത്രയും പെട്ടെന്ന് ഓഫീസുമായി ബന്ധപ്പെട്ട് ഹാൻഡ് ബുക്കുകളിൽ ബാലൻസ് തുക എഴുതി കൂടുതൽ തുകയുള്ളവർ ഉടനെ തന്നെ സംഖ്യ പിൻവലിച്ച് പദ്ധതികൾ തുടങ്ങേണ്ടതാണ്.

**ജില്ലാ വിമെൻസ് ഫെഡ് മീറ്റിംഗ്**

2-06-2010ന് ബുധനാഴ്ച കാലത്ത് 11 മണിക്ക് ജില്ലാ വിമെൻസ് ഫെഡ് മീറ്റിംഗ് പി. എസ്. എസ്. പിയിൽ വെച്ച് നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗ്**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 9-6-2010 | ബുധൻ | മണ്ണാർക്കാട് | കല്ലടിക്കോട് | 11മണി |
| 10-06-2010 | വ്യാഴം | ആലത്തൂർ | FCC വടക്കഞ്ചേരി | 11മണി |
| 10-06-2010 | വ്യാഴം | ശ്രീകൃഷ്ണപുരം | കിളിക്കുന്ന് | 11 മണി |
| 11-06-2010 | വെള്ളി | നെന്മാറ | പാരിഷ് ഹാൾ | 11 മണി |
| 11-06-2010 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2 മണി |
| 14-06-2010 | തിങ്കൾ | മലമ്പുഴ/പാലക്കാട് | പി.എസ്.എസ്.പി | 11 മണി |

**റീജിയണൽ ഓഫീസ്**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15-06-2010 | ചൊവ്വ | സാൻജോ ടവർ | 10.00 am to 1 pm |
| 16-06-2010 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 10.00 am to 1 pm |
| 17-06-10 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 10.00 am to 1 pm |

**സംഘം ഭാരവാഹികളുടെ പരിശീലനം**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 7-06-10 | തിങ്കൾ | പൊന്നംകോട് പാരിഷ് ഹാൾ | 10 മുതൽ 4 മണി വരെ |
| 12-06-10 | ശനി | കുനിപ്പാറ എൽ.പി. സ്കൂൾ | 10 മുതൽ 4 മണി വരെ |
| 21-06-10 | തിങ്കൾ | വടക്കുഞ്ചേരി FCC | 10 മുതൽ 4 മണിവരെ |
| 23-06-10 | ബുധൻ | പാസ്റ്ററൽ സെന്റർ | 10 മുതൽ 4 മണിവരെ |

**മെഡിക്ലെയിം**

ഓറിയൻൽ ഇൻഷൂറൻസ് കമ്പനിയുമായി സഹകരിച്ച് യൂണിവേഴ്സൽ ഹെൽത്ത് ഇൻഷൂറൻസ് എന്ന ഒരു മെഡിക്ലെയിം പദ്ധതി പി. എസ്. എസ്.

പി. നടത്തിവരുന്നു. അസുഖം മൂലമോ അപകടം മൂലമോ ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്നതാണ് പദ്ധതി. 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയും ഒരാൾക്ക് 300 രൂപയുമാണ് പ്രീമിയം. ഒരു വർഷം 30000 രൂപത വരെയ ആനുകൂല്യം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പി. എസ്. എസ്. പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

അഗ്രികൾച്ചർ ഇൻഷൂറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (എ.ഐ. സി.)യുമായി സഹകരിച്ച് പി. എസ്. എസ്. പി. റബ്ബർ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുന്നു. പ്രകൃതിക്ഷോഭങ്ങളാലും, കാട്ടുമൃഗങ്ങളാലും വാഹനങ്ങളാലും ഉണ്ടാകുന്ന നഷ്ടങ്ങൾക്കെതിരെയാണ് പരിരക്ഷ. വിളവെടുക്കുന്ന കാലഘട്ടത്തിൽ ഹെക്ടറൊന്നിന് 5 ലക്ഷം (മരമൊന്നിന് 1217) രൂപയാണ് നഷ്ടപരിഹാരം ലഭിക്കുന്നതാണ്. ഈ കാലഘട്ടത്തിൽ ഹെക്ടറൊന്നിന് വാർഷിക പ്രീമിയം.

| മരങ്ങളുടെ പ്രായം | 1 വർഷ പോളിസി |
|---|---|
| 8 മുതൽ 13 വർഷം വരെ | 1675 രൂപ |
| 14 മുതൽ 19 വർഷം വരെ | 1340 |
| 20 മുതൽ 22 വർഷം വരെ | 1000 |
| 23 മുതൽ 25 വർഷം വരെ | 670 |

പ്രീമിയത്തിനുമേൽ വിസ്തൃതിക്കുള്ള കിഴിവ് (തോട്ടങ്ങളുടെ വലിപ്പമനുസരിച്ച് ലഭ്യമാണ്.)

**സ്കൂൾ കുട്ടികൾക്ക് ഇൻഷൂറൻസ് പരിരക്ഷ**

സ്കൂൾ കുട്ടികൾക്ക് വാർഷിക പ്രീമിയം 100 രൂപ നിരക്കിൽ പതിനായിരം രൂപവരെ അസുഖങ്ങൾക്കോ അപകടങ്ങൾക്കോ ആശുപത്രി ചികിത്സക്ക് റീഇംപോഴ്സ്മെന്റ് ലഭ്യമാണ്. കൂടാതെ കുട്ടിക്ക് അപകടമരണമുണ്ടായാൽ കുടുംബത്തിന് അമ്പതിനായിരം രൂപയും രക്ഷകർത്താവിന് ഉണ്ടായാൽ കുട്ടിക്ക് ഒരു ലക്ഷം രൂപയും പഠനസഹായം ലഭിക്കും.

ഈ ഇൻഷൂറൻസ് പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്നവർ പി. എസ്. എസ്. പി. ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0491- 2527784, 9447020395

**കൊക്കോ കൃഷിക്ക് സബ്സിഡി**

ഒരു ഹെക്ടർ സ്ഥലത്ത് 500 കൊക്കോതൈകൾ വീതം വച്ചുപിടിപ്പിക്കുവാൻ താൽപ്പര്യമുള്ള കർഷകർക്ക് സൗജന്യ നിരക്കിൽ തൈകൾ എത്തിച്ച് കൊടുക്കുകയും 11,500 രൂപ സബ്സിഡി നല്കുകയും ചെയ്യുന്നു. നാഷണൽ ഹോർട്ടി കൾച്ചറൽ മിഷന്റെ ഈ സംരംഭം കർഷകർ പ്രയോജനപ്പെടുത്തുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് പി. എസ്. എസ്. പി. ഓഫീസുമായി ഉടൻ ബന്ധപ്പെടുക.

Palakkad Rupatha Bulletin
litor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**സൗരോർജ്ജം ഉപോയഗിച്ച് വൈദ്യുതി ചാർജ്ജ് ലാഭിക്കൂ!**
സോളാർ റാന്തൽവിളക്ക്, സോളാർ ഹൗസ് ലൈറ്റിംഗ്, സിസ്റ്റം, സോളാർ സ്ട്രീറ്റ്ലൈറ്റ്, സോളാർ വാട്ടർ ഹീറ്റർ......
എല്ലാം ഇപ്പോൾ മിതമായനിരക്കിലും,തവണവ്യവസ്ഥയിലും ലഭിക്കുന്നു.
ഉടൻ പി.എസ്.എസ്.പിയുമായി ബന്ധപ്പെടുക
0491 252039, 9447020395
KOINONIA MARGINFREE SUPER MARKET

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# From the Bishop's Diary

**2010 മെയ്**

1 കാഞ്ഞിരപ്പുഴഡാം സെന്റ് ജോസഫ് ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.
- പുതുതായി നിർമ്മിച്ച ഇരുമ്പകച്ചോല സെന്റ് സെബാസ്റ്റ്യൻ ഇടവക ദേവാലയം കൂദാശ ചെയ്തു. വിശുദ്ധ കുർബാനയർപ്പിച്ചു.

2 ഇളവംമ്പാടം സെന്റ് തോമസ് ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യ കാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധ കുർബ്ബാനയർപ്പിച്ചു.
- കൊല്ലങ്കോട് സെന്റ് ജോസഫ് ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

3 രാമനാഥപുരത്ത് മാർ പോൾ ആലപ്പാട്ടിനെ സന്ദർശിച്ചു.

5 ചിറ്റടി മേരിലാന്റ് ഇടവകയിൽ ബഹു. ജോർജ്ജ് തെരുവൻകുന്നേലച്ചന്റെ മാതാവിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.
- മുണ്ടൂർ യുവക്ഷേത്രയിൽ പ്രീകാനകോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

6 താവളം ഹോളിട്രിനിറ്റി ഫൊറോന ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബ്ബാനയർപ്പിച്ചു.
- താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികർക്കായുള്ള ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- സിസ്റ്റർ ബ്രൂണോ സി.എം.സി യുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് പാലക്കാട് ജെയ് ക്രിസ്റ്റോ പ്രൊവിൻഷ്യൽ ഹൗസിൽ കാർമ്മികത്വം വഹിച്ചു.

7 തൃശ്ശൂർ കലാസദന്റെ 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകാവതരണത്തിൽ സന്ദേശം നൽകി.

8 ചീനിക്കപ്പാറ സെന്റ് തോമസ് ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യ കാരുണ്യവും സൈഥര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

- തത്തമംഗലം അസീസ്സി ഹോസ്പിറ്റലിന്റെ പുതിയ ബ്ലോക്ക് വെഞ്ചരിച്ചു.

9 കോടംത്തുരത്ത് സെന്റ് ആന്റണീസ് ഇടവകദേവാലയത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് വിശുദ്ധകുർബാന അർപ്പിച്ചു. കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി.

10 ആലുവ മംഗലപ്പുഴ സെമിനാരി സന്ദർശിച്ചു.

11 എറണാകുളം മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിനെ സന്ദർശിച്ചു.

12 ആലുവ ചുണങ്ങുംവേലിൽ നിവേദിതയിൽ പേപ്പൽ സെമിനാരിയിലെ പൂർവ്വ വിദ്യാർത്ഥി സംഗമത്തിൽ സംബന്ധിച്ചു.

13 കൊടുന്തിരപ്പുള്ളി വിമലഹൃദയ ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

- പാലക്കാട് ജെയ് ക്രിസ്റ്റോ പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- പുനരുദ്ധരിക്കപ്പെട്ട ഞാറക്കോട് സെന്റ് സെബാസ്റ്റ്യൻ ഇടവക ദേവാലയം വെഞ്ചരിച്ചു. കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

14 കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയുടെ ജനറൽബോഡി മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.

- മുണ്ടൂർസീനായ് ബൈബിൾ കൺവെൻഷനിൽ സന്ദേശം നൽകി.

15 മൈലംപ്പുള്ളി സെന്റ് മേരീസ് ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

- മംഗലം ഡാം സെന്റ് സേവ്യർ ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

16 അഗളി ഫാത്തിമ മാതാ ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

**Palakkad Rupatha Bulletin**
litor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

- വയലൂർ ഇൻഫന്റ് ജീസസ് ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

17 രാമനാഥപുരം അരമനയിൽ വെച്ചു നടന്ന മെത്രാഭിഷേക ഓർഗനൈസിംഗ് കമ്മിറ്റിയുടെ അവസാന മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു. ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

18–19 മൈനർ സെമിനാരിയിലേക്കുള്ള വിദ്യാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.

20 കിണാശ്ശേരി റോസറി കോൺവെന്റിൽ ജൂനിയർ സിസ്റ്റേഴ്സിന് സന്ദേശം നൽകി.

21 അഭിവന്ദ്യ മാർ ഡൊമിനിക് കോക്കാട്ട് പിതാവ് അരമന സന്ദർശിച്ചു.

22 കഞ്ചിക്കോട് അസീസ്സി കോൺവെന്റിൽ സന്യാസാർത്ഥിനികൾക്ക് സഭാവസ്ത്രം നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

- പാലക്കാട് സെറാഫിക് പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിൽ സബന്ധിച്ചവർക്ക് സന്ദേശം നൽകി

23 ആരോഗ്യപുരം സെന്റ് മേരീസ് ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

24–25 മുണ്ടൂർ യുവക്ഷേത്രയിൽ നടന്ന വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു.

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 6